പുസ്തകം ൩. ലക്കം ൪.

കന്യകാസുതൻ

The Flower of Carmel



പ്രതിമാസപത്രിക.

APRIL 1907 MANNANAM.

സംഗതി വിവരം.

I. വിശ്വാസപ്രമാണത്തിന്റെ ഫല വകുപ്പുകളെ വ്യാഖ്യാനിക്കുന്ന സംഭവങ്ങൾ.
II. സുവിശേഷവിവരണം.
III. ശുദ്ധ. യൌസേപ്പു പിതാവിന്റെ മദ്ധ്യസ്ഥ തിരുനാൾ.
IV. വിശുദ്ധ മക്കോസു് ഏവൻഗേലീസ്റ്റായുടെ സംക്ഷേപ ചരിത്രം.
V. നോമ്പില്ലാത്ത രോഗികൾക്കു ശുദ്ധ കുബ്ബാന കൈക്കൊള്ളുവാൻ അനുവദിക്കുന്ന ഒരു പുതിയ തെക്രേത്തു്.
VI. ഒരു കല്പന
VII. തിരുഹൃദയ ഭക്തന്മാർ ഫൽഗു മേടമാസത്തിൽ വൈകേണ്ട പൊതുക്കുരുതൽ.
VIII. ലോകവർത്തമാന ചുരുക്കം.

വരിക്കാർക്കു പ്രത്യേക നോട്ടീസ്.

മൂന്നാണ്ടുകളിലേയും ഒരാണ്ടത്തേയും വരിപ്പണം അടപ്പാനുള്ളവർ, അവരവർ അടപ്പാനുള്ള സംഖ്യ ഉടനെ മണിയോഡറായി അയച്ചുതരികയൊ, പണപ്പിരിവുകാരുടെ പക്കൽ കൊടുത്തു രസീതു വാങ്ങിക്കുകയൊ ചെയ്യേണ്ടിയിരിക്കുന്നു. ഒരു മുതുങ്ങിയ സംഖ്യക്കായി പല എഴുത്തുകുത്തുകൾ നടത്തുന്നതിനും പണപ്പിരിവുകാരെ പലപ്രാവശ്യം നടത്തി ബുദ്ധിമുട്ടിക്കുന്നതിനുമിടയാക്കുന്നതു ഭംഗിയല്ലെന്നും വരിക്കാരിൽ നിന്നു കിട്ടുന്ന സംഖ്യ കൊണ്ടുവേണം മാസിക സംബന്ധമായ ചിലവുകൾ നടത്താൻ എന്നുള്ളതും എല്ലാവരും അറിയേണ്ടതാണു്. ഇപ്പോൾ പണപ്പിരിവുകാരെ എല്ലാസ്ഥലങ്ങളിലേക്കും രസീതുകളും കൊടുത്തു അയച്ചിരിക്കുന്നു. വരിക്കാർ ദയചെയ്തു അവർക്കു് അനാവശ്യ താമസത്തിനും ബുദ്ധിമുട്ടിനും ഇടയാക്കാതെ കൊടുപ്പാനുള്ള സംഖ്യ കൊടുത്തു രസീതു വാങ്ങിപ്പാറാകണമെന്നും പണപ്പിരിവുകാരെ അയക്കുന്നതിനു അസൌകര്യമുള്ള സ്ഥലങ്ങളിലെ വരിക്കാർക്കും, കൂടിശ്ശിക അധികമുള്ള വരിക്കാർക്കും കുടുമം ഓരോ വർഷത്തെ വരിപ്പണം ചുമത്തി വി. പി. യായി അയക്കുന്നതിനാണു് നിശ്ചയിച്ചിരിക്കുന്നതു്. അതിനാൽ വി. പി. വരുന്ന സമയം പണം കൊടുക്കാതെ വി. പി. മടക്കി അയക്കരുതെന്നും ഓർമ്മിപ്പിച്ചുകൊള്ളുന്നു.

എന്നു് മാനേജർ.

സെൻറു് ഐവ്സ് ഹൈസ്കൂൾ ചിട്ടി.

രണ്ടാമതു തവണ വരുന്ന മേടം വ്യാഴം ശനിയാഴ്ച വകൽ ഫ മണിക്കു ലേലം തുടങ്ങുന്നതാണു്. അന്നതന്നെ നാലാമതു തവണയും ലേലം ചെയ്യപ്പെടും.

ഇനിയും ചിട്ടിയിൽ ചേരുവാൻ താല്പര്യമുള്ളവർ നമ്പ്ര ഒന്നിനു ഫ രൂപാ വേണ്ടതിൽ പലിശകഴിച്ചു ൽ രൂപാ അയച്ചു പത്തു ദിവസത്തിനകം അപേക്ഷിക്കേണ്ടതാകുന്നു.

മാന്നാനം ഹൈസ്കൂൾ മാനേജർ.

ധർമ്മദീപിക.

പുസ്തകം ൩.) ഫൻാ ഏപ്രിൽ; (ലക്കം ൩.

വിശ്വാസപ്രമാണത്തിന്റെ പന്ത്രണ്ടു വകുപ്പുകളെ വ്യാഖ്യാനിക്കുന്ന സംഭാഷണം.

(൨-ാം ലക്കം തുടർച്ച.)

നാസ്തികന്മാർ ദൈവമുണ്ടെന്നുള്ള സത്യം വാക്കാൽ നിഷേധിക്കുന്നെങ്കിലും അപത്തുകൾ നേരിടുമ്പോൾ ആ സത്യത്തെ ഏറ്റു പറകയും തങ്ങൾ നിഷേധിച്ചിരുന്ന അഭിപ്രായം ഉപേക്ഷിച്ചുകൊണ്ടു ദൈവമെ അനുഗ്രഹിക്കേണമെ! സഹായിക്കേണമെ! എന്നു വിളിച്ചപേക്ഷിക്കയും ചെയ്യുവരുന്നുണ്ടെന്നു നാം പ്രതിദിനം കണ്ടു വരുന്ന ഒരു പരമാർത്ഥമാകുന്നു.

ദൃഷ്ടാന്തം ൧.

കീർത്തിപെട്ട ഒൽനെ (Volney) എന്ന നാസ്തിക വിദ്വാൻ ഒരിക്കൽ വടക്കെ അമേരിക്കയിൽ മേരിലാണ്ട് (Maryland) എന്ന രാജ്യത്തിലെ കടൽത്തീരത്തുടെ കപ്പൽയാത്ര കഴിച്ചിരുന്നു. പെട്ടെന്നുണ്ടായ കൊടുങ്കാറ്റും കടൽക്കോപവും നിമിത്തം അവനും ഒരും ശരവിശ്വാസമില്ലാത്തവരായ അവന്റെ പല സ്നേഹിതന്മാരും പല പ്രാവശ്യവും കടലിൽ താണുപോകാൻ തക്ക അപകടത്തിൽ ഉൾപ്പെട്ടു; കപ്പലിൽ ഉള്ള എല്ലാവരും ഒരും അപകടസ്ഥിതിയിൽനിന്നു രക്ഷപെടാൻ വേണ്ടി സാദ്ധ്യമായി ദൈവത്തോടു പ്രാർത്ഥിച്ചു തുടങ്ങി. ഒൽനെ എന്ന വിദ്വാനും സമീപെ നമസ്കരിച്ചുനിന്ന ഒരു സ്ത്രീയുടെ കയ്യിൽനിന്ന ജപമാല എടുത്തു മഹാഭക്തിയോടെ നമസ്കാരം മറിയമെ! എന്ന നമസ്കാരം പ്രാർത്ഥിച്ചു. ഇങ്ങനെ അപകടം തീർന്നുവരെ പ്രാർത്ഥന നിർത്തിയതുമില്ല. അപകടം തീർന്ന ഉടനെ കപ്പലിൽ ഉണ്ടായിരുന്ന ഒരുത്തൻ ഒൽനെയുടെ അടുക്കൽ ചെന്നു സ്നേഹിതാ! നീ ഇതുവരെയും നമസ്കരിച്ചുകൊണ്ടാണല്ലൊ ഇരുന്നതു, ദൈവമില്ലെന്നു നീ പറയുന്നതുണ്ടു, ഇപ്പോൾ നീ പ്രാർത്ഥിച്ചതു ആരോടാണു? എന്നു പുച്ഛസ്വരത്തോടെ ചോദിച്ചു. അപ്പോൾ ഒൽനെ എന്ന നമ്മുടെ തത്വജ്ഞൻ ലജ്ജയോടെ ഹാ! ഒരുത്തൻ തന്റെ വായനയിലും പാഠപ്പിലും നാസ്തികനായിരിക്കാമെങ്കിലും കടലിൽ അപത്തു നേരിടുമ്പോൾ അങ്ങനെ അയിരിക്കാൻ പാടില്ലെന്നുത്തരിച്ചു.

ദൃഷ്ടാന്തം ൨.

പെട്ടെന്നുള്ള അപത്തൊ, അപകടമൊ നേരിടുമ്പോൾ അറിയാതെ എന്നപോലെ ദൈവമെ! എന്നു നാം വിളിച്ചു പോകുന്നുണ്ടു. ദൈവമുണ്ടെന്നുള്ള പരമസത്യം ജനനത്തോടെ നമ്മുടെ ഹൃദയത്തിൽ ദൈവം പതിച്ചിട്ടുള്ളതാണെന്നു ഇതിനാൽ ആരും സമ്മതിച്ചെ മതിയാവൂ. ഇതിനെ തെളിയിക്കുന്ന ഒരു ദൃഷ്ടാന്തം ഇവിടെ എടുത്തു പറയാം. ഒരു സത്യക്കാരൻ ദുഷ്ടസഖികളോടുകൂടെയുള്ള പെരുമാറ്റത്താൽ എല്ലാവക ദുഷ്ടതകളും പഠിച്ചറിഞ്ഞ

അവയിൽ തഴങ്ങിയിരുന്നു. തന്നിമിത്തം കടശി അവൻ ഒരുനാസ്തികനായി തീരുകയും ദൈവത്തിൽ തനിക്കു വിശ്വാസമില്ലെന്നു പറകയും ചെയ്തിരുന്നു. ഒരിക്കൽ മഴുവാടക്കാരായ രണ്ടാളുകൾ അത്താഴം കഴിക്കാനായി ഇവന്റെ സത്രത്തിൽ വന്നു. വയിട്ട ആറുമണിമുതൽ രാത്രി പതിനൊന്നുമണിവരെ ബുദ്ധിഹീനമായ സംസാരംകൊണ്ടു് അവരെ അവൻ അസഹ്യപ്പെടുത്തുകയും ദൈവമില്ലെന്നും മോക്ഷവും നരകവുമില്ലെന്നും പറഞ്ഞു് അവരോടു അവൻ തർക്കിക്കയും ചെയ്തിരുന്നു. അവരൊ എന്നാൽ വേദവാക്യങ്ങളെ അടിസ്ഥാനപ്പെടുത്തി അവനോടു എതിർവാദം ചെയ്തിരുന്നെങ്കിലും അവന്റെ മറുപടി എല്ലാം ആക്ഷേപവും പരിഹാസവും മാത്രമായിരുന്നു. ഇവർ രണ്ടുപേരും ഇവന്റെ നിഷ്ഠൂരത്തെ കണ്ടു് ആർദ്രതയുള്ളവരായി പതിവുപോലെയുള്ള ജപങ്ങൾ ചൊല്ലി കിടക്കാൻ പോയി. ഇവർ ഉറക്കം പിടിച്ചു അരമണിക്കൂർ ആയപ്പോൾ തീ തീ എന്നുള്ള വലിയ സ്വരം തെരുവീഥിയിൽനിന്നു വിളിച്ചു പറയുന്നതു കേട്ടുണർന്നു. തീ പിടിച്ചതു സത്രത്തിനായിരുന്നു. തീജ്വാലകൾ സത്രത്തിന്റെ മേൽപുരയിൽനിന്നു എല്ലാഭാഗത്തേക്കും പടർന്നു പിടിച്ചു. അപ്പോൾ ഉടമസ്ഥനെ ആ രണ്ടു യാത്രക്കാരും വിളിച്ചുണർത്തി. അവൻ ഒരു ഭയങ്കര ആപത്തു കണ്ടു് ഗ്രഹിച്ചു് ദൈവമെ! ദൈവമെ! അനുഗ്രഹത്തിന്റെ ദൈവമെ! സർവ്വശക്തനായ ദൈവമെ! എന്റെമേൽ അനുഗ്രഹിക്കേണമെ എന്നു നിലവിളിച്ചു പറഞ്ഞു. അപ്പോൾ മേല്പറഞ്ഞവരിൽ ഒരുത്തൻ അവന്റെ കൈക്കു പിടിച്ചു് ഭാഗ്യംകെട്ടവനെ! ഇത്രവരെയും ദൈവത്തെ നീ ദുഷണം പറകയും നിന്ദിക്കയും ദൈവമില്ലെന്നു പറകയും ചെയ്തിരുന്നു. ഇപ്പോൾ ആ ദൈവം തന്നെ നിന്നെ സഹായിക്കാനായി നീ അപേക്ഷിക്കുന്നു. ഇതെന്തു? ഇപ്പോൾ നിനക്കു സത്യം ഗ്രഹിക്കാറായൊ, എന്നു അവനോടു ചോദിച്ചു. അപ്പഴൊ ദൈവത്തെ നാം ആരാധിക്കയും വണങ്ങുകയും അങ്ങേ സേവിക്കയും ചെയ്യേണ്ടതു നമ്മുടെ എല്ലായിലും വലിയ കടമയാണെന്നു് എല്ലാനേരത്തും നാം ഓർക്കേണ്ടിയിരിക്കുന്ന ഒരു സത്യമാണു്.



സുവിശേഷ വിവരണം.

(ഉയിർപ്പു തിരുനാളിൽ വായിക്കപ്പെടുന്ന ഏവൻഗേലിയോൻ. മക്കോസ്സന്റെ അ. ൧൬ വ.)

൧. ശനിയാഴ്ച കഴിഞ്ഞ ശേഷം മറിയം മഗ്ദലെത്തായും, യാക്കോവിന്റെ അമ്മയായ മറിയവും ശാലൊമയും പോയി, ഈശൊയെ അഭിഷേകം ചെയ്യുന്നതിനു സുഗന്ധവർഗ്ഗങ്ങളെ വാങ്ങി. (൨) പിന്നെ ഞായറാഴ്ച അതികാലത്തെ സൂര്യൻ ഉദിച്ചപ്പോൾ, അവർ കല്ലറയിങ്കൽ വന്നു. (൩) നമുക്കു കല്ലറയുടെ വാതുക്കൽ നിന്നു ആർ കല്ലുരുട്ടി മാറ്റിത്തരും എന്നു് അവർ തമ്മിൽ പറഞ്ഞു. (൪) എന്നാൽ അവർ നോക്കിയപ്പോൾ കല്ലുരുട്ടി മാറ്റിയിരിക്കുന്നതു കണ്ടു; എന്തെന്നാൽ കല്ലു ഏറ്റം വലുതായിരുന്നു. (൫) പിന്നെ അവർ കല്ലറയിൽ പ്രവേശിച്ച

പ്പോൾ ഒരു ബാലകൻ വെള്ളവസ്ത്രം ധരിച്ചു വലത്തുഭാഗത്തു ഇരിക്കുന്നതുകണ്ടു, അവർ ആശ്ചര്യപ്പെട്ടു. (൬) അവരോടു അവൻ പറയുന്നു: നിങ്ങൾ ഭയപ്പെടണ്ടാ; കുരിശിൽ തറയ്ക്കപ്പെട്ട നസ്രായക്കാരൻ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അയാൾ ഉയർത്തെഴുന്നേറ്റു. ഇവിടെ ഇല്ല. അയാൾ വെക്കപ്പെട്ടിരുന്ന സ്ഥലം ഇതാ. (൭) എന്നാൽ നിങ്ങൾ പോയി അയാളുടെ ശിഷ്യന്മാരോടും കേഫായോടും, അയാൾ നിങ്ങൾക്കു മുമ്പെ ഗ്ലീലായിക്കു പോകുന്നു, നിങ്ങളോടു പറഞ്ഞിരുന്നപ്രകാരം അവിടെ വച്ചു നിങ്ങൾ അയാളെ കാണും എന്നു പറവിൻ.

നമ്മുടെ കർത്താവിൻറെ ഉയിർപ്പു എന്ന ഈ വലിയ തിരുനാളിൽ വായിക്കപ്പെടുന്ന ഏവൻഗേലിയൊൻ നമുക്കു എത്രയും വലിയ സന്തോഷവും ആശ്വാദവും ജനിപ്പിക്കുന്നതിനു ഒരു മഹാരഹസ്യത്തെ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്തെന്നാൽ ഈശോമിശിഹായുടെ പുനരുത്ഥാനം നമ്മുടെ ക്രിസ്തീയവിശ്വാസത്തിൻറെയും ആശയുടെയും അടിസ്ഥാനവും, പാപമെന്ന മരണത്തിൽ നിന്നു വരപ്രസാദ ജീവനിലേക്കുള്ള നമ്മുടെ ആത്മിക ഉത്ഥാനത്തിൻറെ മാതൃകയും ആകുന്നു.

മിശിഹായുടെ ഉയിർപ്പു നമ്മുടെ വിശ്വാസത്തിൻറെ അടിസ്ഥാനമാകുന്നു.

മരിച്ചവരിൽനിന്നുള്ള ഈശോമിശിഹായുടെ ഉത്ഥാനം നമ്മുടെ വിശ്വാസത്തിൻറെ അടിസ്ഥാനമാകുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ പൌലോസ് ഈശോമിശിഹായുടെ ഉയിർപ്പിൻറെ യഥാർത്ഥത്തിന്മേൽ ക്രിസ്തീയ വിശ്വാസത്തിൻറെ നിശ്ചയത്തെ സ്ഥാപിക്കുന്നു. പ്രസ്തുത ഗ്രീഹാ പറയുന്നതായതു: ഈശോമിശിഹാ മരിച്ചവരിൽ നിന്നു വീണ്ടുയർത്തില്ലായെങ്കിൽ നമ്മുടെ വിശ്വാസം നിരർത്ഥമായുള്ളതാകുന്നു. (൧ കൊ. ൧൫ അ. ൧൭.) അതായതു ക്രിസ്തീയ വിശ്വാസം അടിസ്ഥാനമില്ലാത്തതും നിശ്ചയമില്ലാത്തതും ആകുന്നു. ഈശോമിശിഹാ തന്നെയും തന്നിലും തൻറെ വാക്കുകളിലും വിശ്വസിക്കാതെ ശഠിച്ചുനിന്ന യൂദന്മാർക്കു തൻറെ വിശ്വാസത്തിൻറെ അടിസ്ഥാനമായി കാണിച്ചുകൊടുത്തു.

എങ്ങിനെയെന്നാൽ ഈശോമിശിഹാ തൻറെ പ്രസംഗത്തിൻറെയും ദൈവികപ്രേഷണയുടെയും തെളിവിലേക്കായി യൂദന്മാരുടെ മുമ്പാകെ വച്ചു തന്നെ കുരുടന്മാർക്കു കാഴ്ചകൊടുക്കയും ചെകിടന്മാർക്കു കേൾവി കൊടുക്കയും മറു നാനാപ്രകാരമുള്ള രോഗങ്ങളെ സുഖപ്പെടുത്തുകയും പിശാചുക്കളെ ഓടിക്കയും ചെയ്തതിൽ അവർ ദുശ്ശാഠ്യം പിടിച്ചുകൊണ്ടു ഈ പ്രവൃത്തികൾ പിശാചിൻറെ സഹായത്താൽ ചെയ്യുന്നതാകുന്നു എന്നു പറഞ്ഞു, തൻറെ ദൈവികാധികാരത്തെ ദൃഷ്ടാന്തപ്പെടുത്തുന്നതിനു ഏറ്റം ബലമുള്ള തെളിവുകളെ ആവശ്യപ്പെട്ടു. അപ്പോൾ താൻ അവരോടു പറഞ്ഞതായതു: തിന്മയും വ്യഭിചാരവുമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു; എന്നാൽ യൌനാൻ ദീഹ്ദശ്കിയുടെ അടയാളം അല്ലാതെ ഇതിനു മറ്റു അടയാളം കൊടുക്കപ്പെടുന്നതല്ല. ഇത്രയും പറഞ്ഞശേഷം തൻറെ ആശ്ചര്യമായുള്ള പുനരുത്ഥാനത്തെ സൂചിപ്പിച്ചുകൊണ്ടു പറഞ്ഞതായതു: യൌനാൻ തിമിംഗലത്തിൻറെ ഉദരത്തിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ ഇപ്രകാരം മനുഷ്യപുത്രൻ മൂന്നുരാവും മൂന്നു പകലും ഭൂമിയുടെ ഹൃദയത്തിൽ ഇരിക്കും.

ഈശോമിശിഹാ ഈ ദീഹ്ദശ്കിയെ വ്യാഖ്യാനിച്ചുകൊണ്ടു മറ്റൊരിക്കൽ ഏറ്റം തെളിവായി പറഞ്ഞതായതു: നാം ഇതാ ഓർശ്ലെമ്മിലേക്കു പോകുന്നു. അവിടെ മനുഷ്യപുത്രൻ പ്രധാനാചാര്യന്മാർക്കും ശാസ്ത്രികൾക്കും ഏല്പിക്കപ്പെടും, അവർ അയാളെ മരണത്തിനു വിധിച്ചശേഷം അയാൾ പുര

ഹസിക്കപ്പെട്ടു. ചമ്മട്ടികളാൽ അടിക്കപ്പെട്ടകുരിശിൽതറയ്ക്കപ്പെട്ടന്നതിനു വേണ്ടിഅയാളെ പുറജാതികൾക്കു വിട്ടുകൊടുക്കും. എന്നാൽ മൂന്നാംനാൾ അയാൾ ഉയത്തെഴുനില്ക്കയും ചെയ്യും. ഇപ്രകാരം ഈശോമിശിഹാ മരിച്ചടക്കപ്പെട്ടശേഷം തന്റെ ബദ്ധശത്രുക്കളായിരുന്ന പ്രധാനാചാര്യന്മാരും പ്രീശന്മാരും ഈ പ്രസിദ്ധ ദീർഘദർശനം കളവെന്നു കാണിപ്പാൻ വേണ്ടി കല്ലറവാതലിൽ മുദ്ര പതിച്ചു കാവൽക്കാരെ നിയ്ക്കുകയും ചെയ്തു. എന്നാൽ ഇവരുടെ ഈ മുൻകരുതലും സൂക്ഷവും ഈശോമിശിഹായുടെ ഉയർപ്പിന്റെ യഥാർത്ഥത്തെ യാതൊരു പ്രകാരത്തിലും നിഷേധിച്ചുകൂടാത്തവണ്ണം നിശ്ചയമുള്ളതാക്കിത്തീർത്തു. തന്റെ പ്രാണവൈരികൾ സ്ഥാപിച്ചിരുന്ന കാവല്ക്കാർ തന്നെ ഈ മഹാ സത്യത്തിന്റെ ചക്ഷുസ്സാക്ഷികളായി ഈ സത്യത്തെ ഒന്നാമതായി പ്രസ്താവിച്ചറിയിച്ചു. ഇങ്ങനെ ഈശോമിശിഹാ പലപ്പോഴും പ്രസിദ്ധമായി പ്രവചിച്ചിരുന്ന പ്രകാരം മരിച്ചവരിൽ നിന്നു മൂന്നാംനാൾ എതുയും പ്രതാപത്തോടുകൂടെ ഉയത്തെഴുന്നേറ്റു തന്റെ ദീർഘദർശനത്തെ നിസ്സംശയം നിവർത്തിച്ചു; തന്നിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തെ ഉറപ്പായി സ്ഥാപിച്ചു. തന്റെ ദൈവികാധികാരത്തെയും ദൈവിക പ്രേഷണത്തെയും തർക്കിച്ചുകൂടാത്തവണ്ണം ദൃഷ്ടാന്തപ്പെടുത്തി. തന്റെ ഉപദേശങ്ങളെ സ്ഥിരതമമായ അടിസ്ഥാനത്തിന്മേൽ ബലമായി നിറുത്തി. അങ്ങനെ "നമ്മുടെ കർത്താവും നമ്മുടെ ദൈവവും ആകുന്നു" എന്നു ഇരിനാൽ പ്രത്യക്ഷമായി തെളിയിച്ചുറപ്പിക്കയും ചെയ്തു. അതുകയാൽ നാം പിറന്നവളർന്നു പ്രസിദ്ധമായി ഏറ്റു സ്വീകരിച്ചിരിക്കുന്ന ക്രിസ്തീയ വിശ്വാസത്തിൽ നാം ഏറ്റവുമേറ്റവും ഉറപ്പുള്ളവരും സ്ഥിരമുള്ളവരും ആകണം. നാം സത്യവിശ്വാസം കൈക്കൊള്ളുവാൻ ദൈവം അനുഗ്രഹം ചെയ്തതിനെക്കുറിച്ചു ദൈവത്തിനു സ്തോത്രം ചെയ്യണം. നമ്മുടെ പ്രവൃത്തികൾ സത്യവിശ്വാസത്തിനൊത്തതായിരിക്കയില്ല എങ്കിൽ നമ്മുടെ വിശ്വാസംകൊണ്ടു എന്തു ഫലം എന്നു നാം നല്ലവണ്ണം ആലോചിക്കണം.

൨. ഉയർപ്പു നമ്മുടെആശയുടെ നിശ്ചയമുള്ള അടിസ്ഥാരമാകുന്നു.

ഈശോമിശിഹായുടെ പുനരുത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ആയിരിക്കയിൽ നാമും ഒരുനാൾ ഉയത്തെഴുന്നേല്ക്കും എന്നതിനും ഇതു അടിസ്ഥാരമാകുന്നു. ഈശോമിശിഹാ മരിച്ചവരിൽനിന്നു സത്യമായി ഉയർത്തുവെങ്കിൽ താൻ പഠിപ്പിച്ച ഉപദേശങ്ങളും വാഗ്ദത്തങ്ങളും എല്ലാം സത്യമാകുന്നു. എന്നാൽ ഈശോമിശിഹാ നിദ്ര പ്രാപിച്ചവരുടെ ആദ്യഫലമായി ഉയത്തെഴുന്നേറ്റു. (൧ കൊ. ൧൫ അ. ൨൦) ആകയാൽ തന്റെ ഉപദേശങ്ങളെല്ലാം എതുയും സത്യമുള്ളവയാകുന്നു. ആകയാൽ ഒടുക്കത്തെ നാളിൽ മരിച്ചവരെ അവരുടെ മൌനകല്ലറയിൽ നിന്നു വിളിപ്പാനായി തന്റെ മാലാക്കമാരെ അയക്കും എന്നും മരിച്ചവരെ ഭൂമിയുടെ നാനാഭാഗത്തുനിന്നും വിളിച്ചുകൂട്ടി ഓരോരുത്തനു അവനവന്റെ പാപപുണ്യങ്ങൾക്കു ഒത്തവണ്ണം സമ്മാനം കൊടുക്കും എന്നും അങ്ങനെ അരുളിച്ചെയ്തുയിൽ നാം ഇതു ഉറപ്പായി വിശ്വസിക്കണം. നാം താന്റെ വാക്കുകളെ നമ്മുടെ ഉയർപ്പിന്റെ അടിസ്ഥാരമായി കൈക്കൊള്ളണം. നാം ദൈവപ്രമാണങ്ങളെ കാത്തു നടക്കുമെങ്കിൽ നിത്യജീവനും ഭാഗ്യത്തിനുമായി നാം ഉയത്തെഴുന്നേല്ക്കും എന്നു സ്ഥിരമായി ആശിച്ചിരിക്കണം. എന്നാൽ ദൈവപ്രമാണങ്ങളെ ധിക്കരിച്ചു തന്നിഷ്ടം അനുസരിച്ചു നടക്കുന്നവർ നിത്യനിർഭാഗ്യം അനുഭവിപ്പാനായി മാത്രം ഉയർക്കും എന്നു വിശ്വസിച്ചുകൊണ്ടു ഈശോമിശിഹായുടെ ഉത്ഥാനത്തിന്റെ മഹിമയും വിശേഷവരങ്ങൾക്കും യോഗ്യരാ

കത്തക്കവണ്ണം പാപമരണത്തിൽ നിന്നും ഉയത്തു വരപ്രസാദ ജീവനിൽ ജീവിപ്പാൻ നാം ഉത്സാഹിക്കണം.

൩. ഈശോമിശിഹായുടെ ഉയിർപ്പു പാപമരണത്തിൽനിന്നു ഉയിത്തെഴുന്നേല്പാൻ നമുക്കു എത്രയും ബലമുള്ള ന്യായങ്ങളെ കാണിച്ചുതരുന്നു.

പാപത്തിൽ ഇരിക്കുന്നവർ മരണത്തിൽ ഇരിക്കുന്നു. പാപം ആത്മാവിന്റെ ജ്ഞാനമരണം ആകുന്നു. മറിച്ചു വരപ്രസാദം ആത്മാവിന്റെ ജ്ഞാന ജീവനും ആകുന്നു. എന്നാൽ ഈശോമിശിഹായുടെ ഉയിർപ്പു പാപ മരണത്തിൽനിന്നു നാം വരപ്രസാദജീവനിലേക്കു കടപ്പാൻ നമ്മെ ഉത്സാഹിപ്പിക്കുന്നു. പാപ മരണത്തിൽ നിന്നു നാം നല്ല പാപസങ്കീർത്തനംമൂലമായി ഉയിർക്കയില്ലാ എങ്കിൽ ഈശോമിശിഹായുടെ ഉയിർപ്പുകൊണ്ടു നമുക്കു യാതൊരു ഫലവുമില്ല. സുവിശേഷകൻ പറയുന്നതായതു്: കർത്താവു സത്യമായി ഉയിർത്തു. ആകയാൽ നാമും നമ്മുടെ പെസഹാകടങ്ങളെ ശരിയായി നിറവേറിക്കൊണ്ടു ഉയത്തു വരപ്രസാദജീവൻ പ്രാപിക്കണം. മിശിഹാ മരിച്ചവരിൽ നിന്നു ഉയത്തിരിക്കയിൽ ഇനി ഒരിക്കലും മരിക്കയില്ല (റോമ. ൬ അ൹ൻ) ഇപ്രകാരം നാമും നല്ല പാപസങ്കീർത്തനംമൂലമായി പാപത്തിൽ നിന്നു എഴുന്നേറ്റശേഷം വീണ്ടു പാപത്തിൽ വീഴാതിരിക്കണം. ഇനി പാപത്തിനു നമ്മുടെമേൽ കർത്തവ്യം ഉണ്ടാകരുതു്. ഇങ്ങനെ നമ്മുടെ മാനസ്സാന്തരം വാസ്തവത്തിൽ സ്ഥിരമുള്ളതും നിലനില്പുള്ളതും ആയിരിക്കണം. ആകയാൽ പ്രിയ സഹോദരന്മാരെ, പെസഹാ പാപസങ്കീർത്തനം മൂലം നിങ്ങൾ പ്രാപിച്ച ജ്ഞാനജീവൻ നിങ്ങൾക്കു പൊയ്പോകാതിരിപ്പാൻ പ്രത്യേക താല്പര്യവും സൂക്ഷ്മവും വൈപ്പിൻ. ഇതിനു വേണ്ടി ക്രൂശാശകളെ ക്രൂക്രൂടെ കൈക്കൊള്ളുവിൻ, സ്ഥിരതയുടെ അരൂപിയെ തരുവാൻ ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിപ്പിൻ.

Y.S.L 2..5

III ശ്ലീ. യൌ. പിതാവിന്റെ മദ്ധ്യസ്ഥതിരുനാൾ.

(മേടം ൨൫)

മദ്ധ്യസ്ഥതിരുനാളിൻ സ്ഥാപനം.

ദൈവം വി. യൌസേപ്പു പിതാവിനെ മനുഷ്യാവതാരം ചെയ്ത പുത്രൻതമ്പുരാന്റെ വളർത്തു പിതാവായിതിരിഞ്ഞെടുത്തതിനാൽ തന്നെ ഏതൊരാവശ്യങ്ങളിലും ൟരം പിതാവിനോടു പേക്ഷിച്ചു മനോഹ്ലാദപ്രകാരങ്ങൾ സാധിക്കാമെന്നുള്ളൊരു എത്രയും വലിയ മനോവിശ്വാസം ക്രിസ്ത്യാനികൾക്കുണ്ടാകുവാൻ ന്യായമായിരിക്കുന്നു. ൟരം ശോമിശിഹാ ഇഹത്തിൽ സഞ്ചരിച്ചിരുന്നപ്പോൾ, തന്റെ വളർത്തു പിതാവിൻ ഹിതംപോലെ എല്ലാറ്റിലും കീഴ്വഴങ്ങി നടന്നിരിക്കയിൽ, ഇപ്പോൾ പ്രഭയുടെ സിംഹാസനാരോഹണം ചെയ്തിരുന്നാലും, തന്റെ രക്ഷദാതാവിൻ അപേക്ഷകളെ സദാ കേൾക്കുമെന്നുള്ള വിശ്വാസികളുടെ ൟരം മനോരഥം സ്വായം ക്രൂടാതെയുള്ളതല്ല. തൻനിമിത്തം വി. യൌസേപ്പു പിതാവിന്നു ലോകത്തിൽ നാനാഭാഗത്തുനിന്നും മഹിമ സ്തുതികളെ സമർപ്പിച്ചുവരുന്നു. ൟരം പുണ്യപിതാവിന്റെ നാമത്തിൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന അനവധി സഭകളും ൟരം പരിശുദ്ധന്റെ വിശേഷ സംരക്ഷണയിൻ കീഴ് പണിയപ്പെട്ടിരിക്കുന്ന ബഹു പട്ടണങ്ങളും തങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനെന്നു വിളിച്ചുവരുന്ന അസംഖ്യജനങ്ങളും പട്ടണങ്ങളും രാജ്യങ്ങളും ൟരം ഭക്തിയുടെ വിസ്മീയസ്ഥതയുടെ മറുതലിച്ചുകൂടാത്ത സാക്ഷിയായിരിക്കുന്നു. ൟരം ഹേതുക്കളാൽ വി. യൌസേപ്പു പിതാവിനെ കത്തോലിക്കാതിരുസ്സഭയുടെ വിശേഷ മദ്ധ്യസ്ഥനായു

സ്ഥാപിക്കണമെന്നു ലോകം മുഴുവനിലുള്ള വൈദിക മേലദ്ധ്യക്ഷന്മാരും പട്ടക്കാരും പരിശുദ്ധ പിതാവിനോട് ഐകമത്യമായി അപേക്ഷിച്ചു. അപ്പോൾ തിരുസ്സഭയെ ഭരിച്ചുവന്നിരുന്ന ൯ാം പീയുസെന്ന പരിശുദ്ധ പിതാവു പൂർണ്ണ തൃപ്തിയോടെ ഒരു കായ്ത്തിനു സംയോജിച്ചു കത്തോലിക്കാ തിരുസ്സഭ മുഴുവന്റെയും പ്രത്യേക കാവൽക്കാരനായി ഒരു നമ്മുടെ ശു. യൌസേപ്പു പിതാവിനെ തിരിഞ്ഞെടുത്തു നിശ്ചയിച്ചു. ഇതിനനുകൂലമായി നമ്മുടെ കർത്താവിൻ ഉയർപ്പു തിരുനാൾ കഴിഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ച ഒരു തിരുനാൾ പ്രതിവർഷം ആഘോഷിച്ചുവരുന്നു.

൬. ഒരു മഹാ സന്ദർഭത്തിൽ ചെയ്വാൻ തക്ക നന്മകൾ.

ഒരു തിരുനാളിനു ആയത്തമായി കഴിച്ചുവരുന്ന നവനാൾ ജപങ്ങൾ ഒരു മാസം മുഴുവനും തുടങ്ങുന്നതുകൊണ്ടു പാട്ടുള്ളവർ ദേവാലയത്തിൽ ചെന്നു ഭക്തിപൂർവ്വം ഇവകൾക്കു കൂട്ടുകയും അതിനു പാടില്ലാത്തവർ തനിച്ചു കഴിക്കുകയൊ ചെയ്യുന്നതു യുക്തമായിരിക്കുന്നു. കടശി തിരുനാൾ ദിവസം ഒരു നല്ല പാപോച്ചാരണം കഴിച്ചു, ദിവ്യകാരുണ്യം ഉൾക്കൊണ്ടു ഒരു തിരുനാൾ സ്ഥാപനത്തിൽ നമ്മുടെ മാതാവായ തിരുസ്സഭയുടെ ആജ്ഞാനുസരണം ഒരു പിതാവിൻ മദ്ധ്യസ്ഥം വഴിയായി നമുക്കു ലഭിച്ചിരിക്കുന്ന സഹായോപകാരങ്ങൾക്കു എപ്പോഴും പ്രത്യേകം ഒരു ദിവസത്തിൽ സ്തോത്രം ചെയ്യ ഓരോരുത്തർ ഒരു സ്നേഹ പിതാവിന്റെ വിചാരണക്കു തങ്ങളെയും തങ്ങളുടെകുടുംബത്തെയും തങ്ങൾക്കുള്ള സകലത്തെയും കാഴ്ചവയ്ക്കുന്നതു ഒരു പിതാവിനു വളരെ ഇഷ്ടമുള്ളതും നമുക്കു വളരെ പ്രയോജനമുള്ളതുമായ ഒരു കായ്മയിരിക്കും. ഇപ്രകാരം തിരുനാൾ ആഘോഷം കഴിക്കുന്നതായാൽ, നമുക്കിതിനാലുള്ളവാകുന്ന ഫലം നിത്യസമ്മാനത്തിനു യോഗ്യമുള്ളതും എല്ലാപ്പോഴത്തേക്കും നിൽക്കപ്പെട്ടതുമായിരിക്കും. എന്നാൽ തിരുസ്സഭ വഴിയായി ദൈവം ഒരു ശുദ്ധമാകപ്പെട്ടവനെ നമ്മുടെ കാവൽക്കാരനും പിതാവുമായി നമുക്കു തന്നിരിക്കുന്നതിനാൽ ഒരു പിതാവു വഴിയായിട്ടു സർവ്വേശ്വരൻ തന്റെ വിശേഷ ഉപകാര സഹായങ്ങളെ നമുക്കു തരുവാൻ തിരുമനസ്സായിരിക്കുന്നെന്നു നാം ഏവരും വിശ്വസിക്കേണ്ടിയിരിക്കുന്നു. ഒരു മനോരഥത്തോട്ടുകൂടെയാതൊരു തിട്ടതിയില്ലും ഒരു പിതാവിൻ പക്കൽ നാം സങ്കേതം പിടിക്കുന്നെങ്കിൽ, താൻ പരിശ്രമം നമ്മെയുപേക്ഷിക്കയില്ല. ഒരു സത്യത്തെ അനേക ശുദ്ധമാകപ്പെട്ടവർ തങ്ങളുടെ പരിജ്ഞാനംകൊണ്ടു അറിഞ്ഞു പിൻഗാമികളുടെ ഉപകാരത്തിനും പഠനത്തിനും വേണ്ടി സാക്ഷിച്ചുപ്പിച്ചിരിക്കുന്നു. ഇപ്രകാരം വി. ത്രേസ്യാ പുണ്യവതി തന്റെ ആവശ്യങ്ങളിൽ തന്റെ മദ്ധ്യസ്ഥനായ ശു. യൌസേപ്പു പിതാവിനോട് അപേക്ഷിച്ചിട്ടു തന്റെയാഗ്രഹം ഒരിക്കലെങ്കിലും സാധിക്കാതെ വന്നിട്ടില്ലെന്നു തന്റെ ചരിത്ര പുസ്തകത്തിൽ എഴുതിയിരിക്കുന്നു.

൯. ഒരു പിതാവു വിവിധ ജീവിതമുറയനുസരിച്ചിരിക്കുന്നവർക്കും അനുകായ്മാതൃകയായിരിക്കുന്നു.

നമ്മുടെ ഒരു മദ്ധ്യസ്ഥൻ ശേഷം ശുദ്ധമാകപ്പെട്ടവരെപ്പോലെയല്ല. എന്തുകൊണ്ടെന്നാൽ ശേഷം ശുദ്ധമാകപ്പെട്ടവർ വിവിധ ജീവിതമുറയനുസരിച്ചിരിക്കുന്ന എല്ലാ ക്രിസ്ത്യാനികൾക്കും ഉത്തമ മാതൃകയും കണ്ണാടിയും ആകുന്നില്ല. എന്നാൽ ന. പിതാവു എല്ലാ ജീവിതമുറയനുസരിച്ചിരിക്കുന്നവർക്കും മാതൃകയായിരിക്കുന്നു. എങ്ങിനെയെന്നാൽ, (a) താൻ ബ്രഹ്മചാര്യനായിരുന്നതിനാൽ, വിരക്തർക്കു വിശേഷദൃഷ്ടാന്തവും സങ്കേതവും ആയിരിക്കുന്നു. (b) താൻ പരിശുദ്ധ കന്യകയെ വിവാഹം കഴിച്ചിരുന്നതിനാൽ ഭാര്യാഭർത്താക്കന്മാർ പര

സ്നേഹം ഉണ്ടാകേണ്ടുന്ന സ്നേഹ വിശ്വസ്തതയ്ക്കും അനുജ്ഞാനുസരണയ്ക്കും അതുല്യ ദൃഷ്ടാന്തമായിരിക്കുന്നു. (c) ബാലനായിരുന്ന ഒരംശോമിശിഹായെ വളർത്തി പഠിപ്പിക്കേണ്ടിയ ജോലി ഒരു പിതാവിന്നു കൊടുക്കുകയും സകലത്തിലും താൻ ഒരു പിതാവിന്റെ കല്പനക്കു എന്നു മാത്രമല്ല, അഗ്രഹത്തിന്നു കൂടെയും കീഴ്വഴങ്ങുകയും ചെയ്തതിനാൽ, മാതാപിതാക്കന്മാരും മക്കളും അനുസരിക്കേണ്ടിയ ജീവിത മുറയുടെ ഒരുത്തമ ഛായയായിരിക്കുന്നു. (d) പരിശുദ്ധ കന്യാസ്ത്രീയേയും ഒരംശോമിശിഹായേയും അപത്തനന്തങ്ങളിൽ നിന്നു രക്ഷിപ്പാൻ വേണ്ടി ദീർഘപരദേശയാത്ര കഴിച്ചതിനാൽ, നമുക്കു പരദേശമായിരിക്കുന്ന ഒരു ലോകത്തിൽ കൂടെ നമ്മുടെ സ്വദേശമായ മോക്ഷത്തിലേക്കുള്ള ദീർഘപ്രയാണത്തിൽ മാതൃകയും വഴികാട്ടിയുമായിരിക്കുന്നു. (e) കടശി ഒരംശോമിശിഹായുടെയും പരിശുദ്ധ കന്യാസ്ത്രീ മറിയത്തിന്റെയും സന്നിധിയിൽ വച്ചു നമരണം പ്രാപിച്ചതിനാൽ താൻ നല്ല മരണത്തിന്റെ മാതൃകയും മദ്ധ്യസ്ഥനും ആയിരിക്കുന്നു.

അപ്പൊഴൊ ന. പിതാവു ഏതേതു ജീവിതമുറയനുസരിച്ചിരിക്കുന്നവർക്കു മാതൃകയും ഏതെതു ആവശ്യങ്ങളിലും നമ്മെ സഹായിക്കുന്നതിന്നു വല്ലഭമുള്ള മദ്ധ്യസ്ഥനുമായിരിക്കയാൽ, പൂവ്വ് യൌസേപ്പിൻ പക്കൽ ആഹാരം അപേക്ഷിച്ചുകൊണ്ടു ഓടിക്കൂടിയ മെസ്രേൻകാരെപ്പോലെ, നാം ഒരു വല്ലഭമുള്ള പിതാവിൻ പക്കൽ സകല ആവശ്യങ്ങളിലും ആശ്രയം തേടുവാൻ എത്രയും ന്യായമായിരിക്കുന്നു.

IV വി. മക്കോസ് എവൻഗേലിസ്റ്റായുടെ ചരിത്ര സംക്ഷേപം.

(തിരുനാൾ മേടം ൨൫നു-)

എബ്രായ ഗോത്രക്കാരനായ വി. മക്കോസ് കുലശ്രേഷ്ഠതയുള്ള ലേവിവംശക്കാരത്തിയായ മറിയം എന്ന സ്ത്രീയിൽ നിന്നുപിറന്നു. ഇയ്യാളുടെ സാക്ഷാൽ പേരു 'യോഹന്നാൻ' എന്നായിരുന്നു. എന്നാൽ മക്കോസെന്ന ഈ നാമം ഇയ്യാൾക്കു സിദ്ധിച്ചതു, റോമാക്കാരുടെ മുറയനുസരിച്ചു കടിഞ്ഞൂൽ പുത്രന്മാക്കു മക്കോസ് എന്നൊരു പേരുകൊടുക്കപ്പെട്ടതിനാലാണ് എന്നു ചിലർ പറയുന്നു. ഒരുദിവസം ദിവ്യരക്ഷിതാവു പതിവാനുസരണം കപ്പർന്നൂമിലുള്ള ഒരു ജപക്കൂട്ടത്തിൽ ജനങ്ങളോടു പ്രസംഗിക്കയിൽ "ഞാൻ ആകാശത്തിൽനിന്നിറങ്ങിയ അപ്പമാകുന്നു; ഞാൻതരും എന്ന ഈ അപ്പം ഈലോകജീവിതത്തിന്നായി എന്റെ മാംസമാകുന്നു" (യോഹ. ന. ൬ അ.) എന്നു അരുളിച്ചെയ്തതിനെ അവിടെ കൂടിയിരുന്നവരിൽ ചിലരുകേട്ടു ഒട്ടും വിശ്വസിക്കാതെ ഇയാൾ സ്വന്തമാംസത്തെ നമുക്കു എങ്ങിനെ ഭക്ഷിപ്പാൻ തരും എന്നു പരസ്പരം പറഞ്ഞിരുന്നു. ഇവരിൽ ഉളവായ ഒരു സംശയം മുഴുവനും നീക്കിക്കളവാൻതക്ക ന്യായയുക്തിനിറഞ്ഞ സമാധാനം ദിവ്യരക്ഷിതാവു പറഞ്ഞിട്ടും, അവരു സമ്മതിക്കാതെ ഈ അത്യുന്നത പഠനത്തെ തീരെ നിഷേധിച്ചു. ഇവരിൽ ഒരുത്തൻ വി. മക്കോസായിരുന്നു.

ശ്ലീഹന്മാരുടെ പ്രഭുവായ വി. പത്രോസ് കാരാഗൃഹത്തിൽനിന്നു ദൈവത്തനാൽ രക്ഷിക്കപ്പെട്ടു ഓടിഒളിച്ചതു വി. മക്കോസിന്റെ അമ്മയുടെ വീട്ടിലേക്കാണ്. ഈ മഹാത്മാവിൽ കാലക്രമംകൊണ്ടു വർദ്ധിച്ചുവന്നിരുന്ന അസാമാന്യ സുകൃതാഭ്യാസം വി. പത്രോസ് കണ്ടു അയാളെ തന്റെ ശിഷ്യഗ

ണത്തിൽ ചേർത്തുകൂടാതെ തന്റെ പരിഭാഷിയായി സ്ഥാപിച്ചു. വി. പത്രോസു് എഴുതിയ പല ലേഖനങ്ങളിൽ വി. മർക്കോസിനെ വാത്സല്യമകൻ എന്നതെ പറഞ്ഞുവന്നിരിക്കുന്നതു്. ഈ പ്രേഷകൻ ബർണ്ണവാസിന്റെ കൂട്ടുകാരനായി പലപ്പോഴും പ്രസംഗിപ്പാൻ പോയിട്ടുണ്ടു്. മർക്കോസ് റോമ്മായിലായിരിക്കയിൽ, അദ്ദേശവാസികൾക്കു എബ്രായ ഭാഷയിൽ ഒരു സുവിശേഷം സ്വകരത്താൽ എഴുതികൊടുത്തു. അതിന്റെശേഷം ആകപിലാപട്ടണത്തിൽ വേദം പ്രസംഗിച്ചു താൻ എഴുതിയ സുവിശേഷത്തിന്റെ ഒരു സൂക്ഷപ്രതിയിനിൽ ഭാഷാന്തരം ചെയ്തുകൊടുത്തു. അവിടെ സുമാർ രണ്ടു വർഷം സത്യവേദം പ്രചരിപ്പിച്ചതിന്റെശേഷം വി. പത്രോസിന്റെ കല്പനയനുസരണം എജിപ്തിലും സമീപനാട്ടനഗരികളിലും ക്രിസ്തുവേദം അറിയിച്ചു അസംഖ്യം ആളുകളെ ജ്ഞാനാന്ധതയിൽ നിന്നു സത്യവെട്ടത്തിലേക്കു് തിരിച്ചു. സത്യദൈവാരാധനയുടെ ജന്മശത്രുവായ പിശാചിനെ വണങ്ങിനമസ്കരിച്ചിരുന്ന അനേകം ആളുകൾ വി. മർക്കോസ് ചെയ്ത അത്ഭുതാതിശയങ്ങളാലും കാണിച്ച സുമാതൃകകളാലും അവരുടെ അബദ്ധം കണ്ടുഗ്രഹിച്ചു സത്യദൈവമായ മിശിഹായെ വിശ്വസിപ്പാനിടയായി.

അവിടെ നിന്നു പ്രസിദ്ധപട്ടണമായ അലെക്സാന്ത്രിയായിലേക്കു പോയി. ഈ ദീർഘയാത്രയിൽ കേട്ടവന്ന തന്റെ ചെരിപ്പു നന്നാക്കുന്നതിനു് ഒരു ചെരിപ്പുകുത്തിയെ അന്വേഷിക്കയിൽ, ഒരുത്തനെ കണ്ടെത്തി. അവന്റെ ഒരു കൈ സൂചികൊണ്ടു മുറിവേല്പിച്ചു പഴുത്തിരുന്നിരുന്നു. വി. മർക്കോസ് ഈശോമിശിഹായുടെ തിരുനാമത്തിൽ അവന്റെ കൈ സ്വസ്ഥനപ്പെടുത്തി. ഇതുകണ്ടു അവൻ സത്യദൈവത്തെ വിശ്വസിച്ചു് ജ്ഞാനസ്നാനം കൈക്കൊണ്ടു. ക്രമേണ ആ പട്ടണത്തിൽ ക്രിസ്ത്യാനികൾ വർദ്ധിച്ചുവന്നതിനാൽ, പ്രധാനപട്ടണവാസികൾ തങ്ങളുടെ ദേവന്മാരെ നിഷ്ഫലമാക്കുവാൻ ഒരു ശില്പാക്കാരൻ വന്നിരിക്കുന്നു എന്നു കേട്ടു, അയാളെ കൊല്ലുന്നതിനു് നിശ്ചയിച്ചു. ഈ ശ്രദ്ധാലോചന വി. മർക്കോസറിഞ്ഞു, താൻ അവിടെ ആദ്യമായി മാമ്മോദീസാ മുക്കിയ അനിയാനുസെന്നവനെ മെത്രാനായി അഭിഷേകം ചെയ്തു, അയാളുടെ സഹായത്തിനായി ഏതാനുംപേരെ നിശ്ചയിച്ചുകൊടുത്തു. പെന്താപൊളിം എന്ന സ്ഥലത്തിലേക്കു ഓടിഒളിച്ചു. അപ്പോൾ അലെക്സാന്ത്രിയായിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾ ഈ മഹാത്മാവിന്റെ സദുപദേശങ്ങൾ ഓർത്തു സാംഗോപാംഗ ജീവിതം അനുസരിക്കുന്നതിനു, യരുസലെം പട്ടണത്തിലെ പൂർവ്വക്രിസ്ത്യാനികളെപോലെ,"ധനസ്വത്തിലേതാനും ഭാഗം അഗതികൾക്കു കൊടുത്തു ശിഷ്ടമുള്ളതു പൊതുവായി സ്ഥാപിച്ചു ഒരു കുടുംബത്തിൽ ഏകമനസ്സും ഏകഹൃദയവുമായി ജീവിച്ചുവന്നിരുന്നു. അവരിൽ ചിലർ ലോകബഹുമാനസമ്പത്താദിയായ സമസ്തവും പരിത്യജിച്ചു വനത്തിൽ പ്രവേശിച്ചു ഋഷികൾക്കടുത്ത ജീവിതം അനുസരിച്ചിരുന്നു.

സത്യദൈവാരാധനാവൈരികൾ ഇവയെല്ലാം കണ്ടു കോപിച്ചു ഇതിനെല്ലാം കാരണഭൂതൻ വി. മർക്കോസെന്നു് പറഞ്ഞു ഈ മഹാത്മാവിനെ കൊല്ലുന്നതിനു രഹസ്യാലോചനകൾ നടത്തി. ഇങ്ങിനെ അവരുടെ നിശ്ചയാനുസരണം ഈ ദൈവപുരുഷനെ പിടിക്കുന്നതിനു അന്വേഷിച്ചു നടക്കയിൽ, മേടമാസം ൨൫-ാംനു- ഞായറാഴ്ച ദേവാലയത്തിൽ കർമ്മാനുഷ്ഠാനം നടത്തുന്ന വി. മർക്കോസിനെ ബലമായി പിടിച്ചു ബന്ധിച്ചു മൃഗസമാനം തെരുവീഥിയിൽക്കൂടെ വലിച്ചിഴച്ചു "നമുക്കു ഈ മൃഗത്തെ തൊഴുത്തിലേക്കു കൊണ്ടുപോകയെന്നു" പറഞ്ഞു അട്ടഹസിച്ചു കാരാഗൃഹത്തിലേക്കു വലിച്ചുകൊ

ണ്ടുപോയി. അപ്പോൾ വി. മക്കോസ് 'എന്റെ രക്ഷകനായ ഈശോയെ! നിൻതിരുനാമത്തെപ്രതി അജ്ഞാനികളാൽ പിടിക്കപ്പെട്ട ഈ പാടുപീഡകളെല്ലാം സഹിക്കുന്നതിനു് ഇനിക്കിടകിട്ടിയതിനെക്കുറിച്ചു നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു' എന്നുചൊല്ലിയിരുന്നു. അന്നുരാത്രി ഭയങ്കരമായ ഒരു ഭൂമികുലുക്കം ഉണ്ടായി. അപ്പാറാവിൽ താൻ ബന്ധിക്കപ്പെട്ടു കിടക്കയിൽ, ഒരു ദൈവഭക്തൻ പ്രത്യക്ഷനായി അയാളെ ആശ്വസിപ്പിച്ചു ഈ പാടുപീഡകൾക്കു പ്രതിസമ്മാനമായി സിദ്ധിപ്പാനിരിക്കുന്ന നിത്യസമ്മാനം മുൻകൂട്ടി അറിയിച്ചുകൊണ്ടു് അപ്രത്യക്ഷനായി. അന്നുരാത്രി തന്നെ ദിവ്യരക്ഷിതാവും അയാൾക്കു കാണപ്പെട്ടു 'എന്റെ വാത്സല്യ സുവിശേഷകനായ മക്കോസെ! നിനക്കു സമാധാനം' എന്നു അരുളിചെയ്തു മറഞ്ഞുപോയി.

പിറ്റെദിവസം അതികാലത്തു് അജ്ഞാനികൾ വന്നു വി. മക്കോസിന്റെ കഴുത്തിൽ കയറുകെട്ടി കല്ലും മുള്ളും ധാരാളമായി കിടക്കുന്ന സ്ഥലങ്ങളിൽകൂടെ നിഷ്ഠുരമായി വലിച്ചിഴച്ചു അങ്ങമിങ്ങും കൊണ്ടുനടന്നിരുന്നു. മുള്ളുകൾകൊണ്ടു ദേഹം അസകലം മുറിവേല്പിച്ചപ്പെട്ട ചോര ഒഴുകിയിരുന്നു. കഴുത്തിൽ മുറുക്കികെട്ടിയിരുന്നതിനാൽ, ശ്വാസോശ്വാസം ചെയ്യുന്നതിനുള്ള പ്രയാസത്താലും ശരീരത്തിൽ ഏറ്റ മുറിവുകളുടെ അസഹ്യ വേദനയാലും കേവലം ക്ഷീണിച്ചു അന്ത്യശ്വാസം വിട്ടു വേദസാക്ഷിത്വത്തിന്റെ സമ്മാനകിരീടം ധരിക്കുന്നതിനു പരലോകത്തിലേക്കു് പുറപ്പെട്ടു. മൃതശരീരം അഗ്നിക്രമ്പാരത്തിൽവെച്ചു ദഹിപ്പിക്കുന്നതിനു പൈശാചിക വേദനുസാരികൾ വേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കയിൽ, ഭയങ്കര ഇടിയും കൽമഴയും ഉണ്ടായതിനാൽ, അവരു നന്നാഭയന്നു് സ്ഥലം വിട്ടു ഓടിപോയി. ക്രിസ്ത്യാനികൾ ഈ അവസരം പിടിച്ചു ശരീരം എടുത്തു ഭക്തി പൂർവ്വം ശ്മശാനസ്ഥലത്തുകൊണ്ടുപോയി ഭൂമിദാനം ചെയ്തു. അനേകവർഷങ്ങളുടെ ശേഷം ഈ തിരുശരീരം വെനീസ് പട്ടണത്തിലേക്കു കൊണ്ടുപോയി. അവിടെ ഈ വിശുദ്ധന്റെ നാമത്തിൽ ഒരു ദേവാലയം പണിയിച്ചു, അതിൽ മഹാ പൂജ്യതയോടെ സ്ഥാപിക്കപ്പെട്ടു.

V നോമ്പില്ലാത്ത രോഗികൾക്കു ശുദ്ധകുർബാന കൈക്കൊള്ളുവാനനുവദിക്കുന്ന ഒരു പുതിയ ദെക്രേത്തു്.

അടുക്കലടുക്കുള്ള കുർബാന കൈക്കൊള്ളുന്നതു സംബന്ധിച്ചു ഫൻഠ ധന്യ പാപ്പാ- ഒരു ദെക്രേത്തു പുറപ്പെട്ടു. അടുക്കലടുക്കൽ ശുദ്ധ: കുർബാന കൈക്കൊള്ളുക ഏന്നീ സൽകൃത്യം എല്ലായിടത്തും പരന്നു വർദ്ധിപ്പാൻ വേണ്ടി കല്പിക്കപ്പെട്ട ചില ജപങ്ങളെ ചൊല്ലുന്നവർക്കു ദണ്ഡവിമോചനങ്ങൾ നൽകീട്ടുണ്ടു്. എന്നുമാത്രമല്ല ഫൻഠന കുംഭം ഇരുപതാം- പുറപ്പെട്ട വേറൊരു ദെക്രേത്തു, ദിവസേന ശുദ്ധ കുർബാന കൈക്കൊള്ളുന്ന സകല വിശ്വാസികൾക്കും ആഴ്ചയിൽ ഒരുത്തവണ കുമ്പസാരം കൂടാതെതന്നെ ആഴ്ചയിൽ വരുന്ന സകല ദണ്ഡവിമോചനങ്ങളും പ്രാപിപ്പാനുള്ള അനുമതിയെ നൽകി. എന്നാൽ ഇപ്പോൾ ഫൻഠന ധന്യവാ പാപ്പാ- നമ്മുടെ പരിശുദ്ധ പിതാവു പാപ്പാ പീയോസ് മാപ്പിപ്പാ ദയവായി കല്പിച്ച പുതിയ ദെക്രേത്തു, നോമ്പു കാപ്പാൻ പാടില്ലാതെ ശുദ്ധ കുർബാന കൈക്കൊള്ളുവാൻ അഗ്രഹിക്കുന്ന ഭക്തിക്കാരായ ദീനക്കാരെ സംബന്ധിച്ചാകുന്നു. ഈ സംഗതിയെപ്പറ്റി പരിശുദ്ധ പിതാവു് സുനഹദോസിന്റെ തിരുസംഘത്തിൽ മെമ്പന്മാരായ അത്യുന്നത കർദിനാളന്മാരുടെ അഭിപ്രായത്തോടുകൂടി നിശ്ചയിച്ചിരിക്കുന്നതെന്തെന്നാൽ;

ഒരു മാസമായി ദീനമായി കിടക്കുന്നും അതുവേഗം സൌഖ്യപ്പെട്ടുമെന്നു ശരണമില്ലാതിരിക്കുന്നും ചെയ്യുന്ന ദീനക്കാക്ക് 'പാനമുറയ്ക്കു' വല്ലതും കൊടുത്തു നോമ്പുപോയാലും കുമ്പസാരക്കാരന്റെ അനുമതിയോടെ മാസത്തിൽ രണ്ടു തവണ ഈവിധം നോമ്പുകൂടാതെ ശുദ്ധ കുർബ്ബാന കൈക്കൊള്ളുവാൻ പാടുണ്ട്. എന്നാൽ ശുദ്ധ കുർബ്ബാന കാക്കപ്പെടുന്ന സ്ഥലങ്ങളായ ആശ്രമങ്ങൾ, മഠങ്ങൾ, സെമിനാരികൾ മുതലായ ഭക്തിയുള്ളതായ ഭവനങ്ങളിലൊ അഥവാ കുർബ്ബാന ചൊല്ലുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള കപ്പേളയോടുകൂടിയുള്ള വീടുകളിലൊ നിവസിക്കുന്നവരായ ദീനക്കാക്കായിരുന്നാൽ മേല്പറഞ്ഞ സ്ഥിതിയിൽ അനുമതിയോടെ ആഴ്ചയിൽ രണ്ടു തവണ നോമ്പുകൂടാതെ ശുദ്ധ കുർബ്ബാന കൈക്കൊള്ളുവാൻ പാടുണ്ട്.

VI ഒരു കല്പന.

ഫർന്നാ വൃശ്ചികത്തിൽ മണ്ണുമ്മേൽ ആശ്രമത്തിൽ കൂടിയ വൈദിക ശ്രേഷ്ഠസംഘം മലയാളത്തിലെ കത്തോലിക്കു സഭയുടെ പൊതുഗുണത്തിന്നായി നിശ്ചയിച്ച സംഗതികളെ വിവരിച്ചുകൊണ്ടു നി. വ. ദി. ശ്രീ. മാക്കീൽ മാർ മത്തായി മെത്രാൻ അവർകൾ ഫർന്നാ കുംഭം ഫാ—ാംനാ- സ്വന്ത മിസ്സത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു കല്പന കുസുമമായനക്കാക്ക് പൊതുവിൽ വളരെ ഉപകരിക്കുമെന്നു കരുതി താഴെ ചേർക്കുന്നു:—

"..... വൈദികരെ സക്കാരു കച്ചേരിയിൽനിന്നു ഒഴിക്കുന്നതായ പ്രിവിലേജിയും ഫോറി 'Privilegium Fori' എന്ന വൈദിക അവകാശം, ഒരം കഴിഞ്ഞ കൊല്ലങ്ങളിൽ ഒരം മലയാളത്തിൽ പല സ്ഥലങ്ങളിൽ കുറാകരമായി പലപ്പോഴും ലംഘിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു, ഇവിടെയുള്ള എല്ലാ കത്തോലിക്കരും തിരുസ്സഭയുടെ ഗൌരവമായ ഒരം പ്രമാണത്തെ അറിഞ്ഞിട്ടില്ലാ എന്നുള്ള ഒഴിവുകഴിവു മേലാൽ പറയാതിരിപ്പാൻ വേണ്ടി, ഒരം പ്രമാണത്തെ നന്നായി ഗ്രഹിപ്പിക്കുന്നതു അത്യാവശ്യമെന്നു ഒരം സംഘത്തിൽ തീർച്ച ചെയ്തു. സക്കാരു കച്ചേരി മുമ്പാകെ വൈദികരിൽ ആരെ എങ്കിലും സ്ഥലത്തെ മെത്രാന്റെ അനുമതി പ്രാപിക്കാതെയും, ഒരു മെത്രാനെ ശുദ്ധ. സിംഹാസനത്തിന്റെ അനുമതി ലഭിക്കാതെയും, വിളിച്ചു വരുത്തുവാൻ അക്കം പാടുള്ളതല്ലെന്നും, ഒരം അനുമതി പ്രാപിക്കാതെ ഒരു മെത്രാനെയൊ, ഒരു വൈദികനെയൊ സക്കാരു മുമ്പാകെ വിളിപ്പാൻ ആരെങ്കിലും തുനിയുന്നെങ്കിൽ, അവൻ വൈദികനായിരുന്നാലും, അൽമേനിയായിരുന്നാലും, ഒരം പ്രമാണ ലംഘനക്കാരെ പള്ളി ശിക്ഷകളാലും, ചെൻസ്സുരകളാലും മെത്രാന്മാർ ശിക്ഷിപ്പാനുള്ളതാകുന്നു എന്നും തിരുസ്സഭയുടെ കാനോൻ ചട്ടങ്ങളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. തിരുസ്സഭയുടെ ഒരം പ്രമാണത്തിനു വിരോധമായി പ്രവർത്തിക്കുന്നതിൽ നിന്നു കത്തോലിക്കരെ ഒഴിക്കുന്നതിനു, പ്രിവിലേജിയും ഫോറി എന്ന ഒരം പ്രമാണം ദൈവത്തിന്റെയും, നമ്മുടെ മാതാവായ ശുദ്ധ. പള്ളിയുടേയും പ്രമാണമാകുന്നു, എന്നു അവർ അറിയുന്നതു മാത്രം മതിയായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ശു. പള്ളിയുടെ കല്പനകളെ കടന്നുപ്രവർത്തിക്കുന്നതു, ഒരു ക്രൂശ്യാനിക്കു ചേരാത്തതും, തൻമൂലം, ദൈവത്തിന്റെയും തന്റെ തിരുസ്സഭയുടെയും ശാസനകൾക്കും ശിക്ഷകൾക്കും, തന്നെ പ്രാപ്തനാക്കുന്നതുമാകുന്നു.

൨. എന്നതിനെക്കൊണ്ടു ശു. സിംഹാസനത്തിന്റെ അനുമതി പ്രാപിക്കാതെ ഒരു മെത്രാനെയൊ സ്വന്ത മെത്രാന്റെ അനുമതി പ്രാപിക്കാതെ ഒരു വൈദികനേയൊ, ഇരുവർഗ്ഗത്തിലുമുള്ള സന്ന്യാസ അന്തസ്സുകാരെയൊ, സക്കാരു

കച്ചേരിമുമ്പാകെ കക്ഷിയായിട്ടൊ, സാക്ഷിയായിട്ടൊ, നമ്മുടെ ആജ്ഞയിൻ കീഴ്പ്പെട്ട യാതൊരുത്തരും വിളിച്ചുകൂടാത്തതാകുന്നു. ഇതിനു വിരോധമായി ആരെങ്കിലും പ്രവർത്തിച്ചാൽ, നമ്മുടെ തെക്രേത്തിൽ വിവരിച്ചിരിക്കുന്നതുപോലെയും, ഒരു സംഘത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതുപോലെയും ഒരു കുറ്റം നമുക്കു മാത്രം പിടിക്കപ്പെട്ടിരിക്കുന്നതും ഒരു ലംഘനത്തിനു കുറ്റക്കാരൻ പരസ്യ പരിഹാരം ചെയ്യുന്നതുവരെയും, വള്ളിക്കും വട്ടക്കാക്കും വരുത്തിയിരിക്കുന്ന നഷ്ടത്തെ മുഴുവനും പരിഹരിക്കുന്നതുവരെയും ഒരു കുറ്റക്കാക്കു കുമ്പസാരം മുതലായ ശുദ്ധ. ക്രമാശകൾ കൊടുത്തുകൂടാത്തതുമാകുന്നു.

ടി. കാനോൻ ചട്ടത്തിൽ നിശ്ചയിച്ചിരിക്കുന്നപ്രകാരം, ആക്കെങ്കിലും ഒരു വൈദികനെ കക്ഷിയായിട്ടൊ സാക്ഷിയായിട്ടൊ വിളിക്കേണ്ടി വന്നാൽ, നമ്മോടു മുൻകൂട്ടി അനുവാദം അപേക്ഷിക്കേണ്ടതും, ന്യായാനുസരണം അനുവദിക്കുന്നതും ആകുന്നു.

രണ്ടാമത്.

൧. കത്തോലിക്കു പൈതങ്ങൾ കത്തോലിക്കാ അല്ലാത്തതും, നമ്മുടെ സത്യവേദ പഠിനം ഇല്ലാത്തതും കത്തോലിക്കാ വൈദികാധികാരത്തിൻ കീഴല്ലാത്തതുമായ വിദ്യാലയങ്ങളിൽ ചേൎന്നു പഠിക്കുന്നതിൽവച്ചു, അവരുടെ സത്യവിശ്വാസവും, വേദമര്യാദകളും, ക്രിസ്തീയ സമാധ്വവും നഷ്ടീഭവിക്കുന്നതിനും, ദുർവ്യാപാരത്തിലുൾപ്പെടുന്നതിനും അടുത്ത യോഗ്യവും ആപത്തും ഉള്ളതിനാൽ, കത്തോലിക്കാ വിദ്യാർത്ഥികൾ ടി. വിദ്യാലയങ്ങളിൽ ചെന്നു പഠിച്ചുകൂടാ എന്നു വി. പ്രൊപ്പഗാന്ത സംഘം ഫ്രാൻസീസ് കുന്നി വ–ാംനു- ഇൻഡ്യായിലെ മെത്രാന്മാൎക്കയച്ച തിരു എഴുത്തിൽ അജ്ഞാപിച്ചിരിക്കുന്നു.

൨. എന്നാലിരുകിലും ചിലദേശങ്ങളിൽ ചിലപ്പോൾ കത്തോലിക്കാവിദ്യാലയങ്ങളുടെ ദൌർല്ലഭ്യം നിമിത്തവും ഉണ്ടായിരിക്കുന്ന ചിലതുകളിൽ ആവശ്യപ്പെട്ട വിദ്യാഭ്യാസ ക്ലാസുകൾ ഇല്ലായ്മനിമിത്തവും അല്ലെങ്കിൽ അധികദൂരംനിമിത്തം അവിടെ പോയി പഠിക്കുന്നതിൽ നേരിടുന്ന പല വലിയ വിഘ്നങ്ങൾനിമിത്തവും കത്തോലിക്കുപൈതങ്ങൾ ആവശ്യപ്പെട്ടതും അവരുടെ സ്ഥിതിക്കടുത്തതുമായ വിദ്യാഭ്യാസത്തിൽനിന്നു മുടങ്ങപ്പെടാതിരിപ്പാൻവേണ്ടി കത്തോലിക്കാ അല്ലാത്ത വിദ്യാലയങ്ങളിൽ മേൽവിവരിച്ചപോലെയുള്ള തക്ക മതിയായ കാരണങ്ങളിന്മേലും അവരുടെ ക്രിസ്തീയ സുകൃതവളൎത്തലിലേക്കു ആവശ്യമുള്ളതായ ശട്ടംകെട്ടുകളോടുകൂടെയും അവരു ചേൎന്നുപഠിക്കുന്നതിനു അനുവദിപ്പാനും ആ കാരണങ്ങളെ പരിശോധിപ്പാനും ഉള്ള അധികാരം ടി. തിരുസ്സംഘം ഫ്രഞ്ചു വ്യാഴികമാസം ഉ൪–ാംനു-യിലെ തിരു എഴുത്താൽ മെത്രാന്മാൎക്കു നൽകിയിരിക്കുന്നു.

൩. തിരുസ്സഭയുടെ മേൽ കാണിച്ചിരിക്കുന്ന നിയമങ്ങളെ ആസ്പദമാക്കിക്കൊണ്ടു മേൽപ്രസ്താവിച്ചിരിക്കുന്ന മെത്രാന്മാരുടെ കൂടിയാലോചനയിലെ നിശ്ചയങ്ങൾക്കു തക്കവണ്ണം നാം കല്പിക്കുന്നതായതു്: നമ്മുടെ ആജ്ഞയിൻകീഴ്പ്പെട്ട എല്ലാ കത്തോലിക്കാ പൈതങ്ങളും കത്തോലിക്കാ സ്കൂളുകളിലും വിദ്യാലയങ്ങളിലും തന്നെ ചേൎന്നു പഠിക്കേണ്ടതാകുന്നു.

നമ്മുടെ യാതൊരു വിദ്യാൎത്ഥിയും നമ്മുടെ പ്രത്യേക അനുവാദം കൂടാതെ കത്തോലിക്കാ അല്ലാത്ത മലയാളം ഇംഗ്ലീഷ് മിഡിൽസ്കൂളുകൾ, ഹൈസ്കൂളുകൾ, കോളെജുകൾ എന്നീ വിദ്യാലയങ്ങളിൽ ചേൎന്നു പഠിച്ചുകൂടാത്തതാകുന്നു. (തെക്രേത്തു പുസ്തകം ൨൭–ാം വക്ഷം ൫൭–ാം ലക്കം.)

൪. എന്നാൽ നമ്മുടെ ജനങ്ങൾക്കാവശ്യപ്പെട്ട വിദ്യാഭ്യാസ സമ്പാദ്യം നഷ്ടീഭവിക്കാതെ ഇരിപ്പാൻ വേണ്ടി അവരുടെ വല്ല പൈതങ്ങളേയും കത്തോലിക്കാ അല്ലാത്ത മേല്പറഞ്ഞ വി

ദ്ധാലയങ്ങളിൽ വല്ലൊന്നിൽ വല്ലപ്പോ ഴും അയച്ചുപഠിപ്പിക്കുന്നതിനു തക്ക ആ വശ്യവും കാരണവും ഉണ്ടായിരുന്നാൽ അവൻ സ്വന്ത വികാരിയുടെ സാക്ഷിപ ത്രസഹിതം ആ ഡിവിഷനിലെ ബ. ഫൊ. വികാരിയുടെ പക്കൽ കാരണ ങ്ങളെ കാണിച്ചു അപേക്ഷ കൊടുക്കേ ണ്ടതും, ആ കാരണങ്ങളെ പരിശോ ധിക്കുന്നതിനും അതുകൾ ന്യായമുള്ളതും തക്കതായിട്ടുള്ളതുമായിരുന്നാൽ ആ അ പേക്ഷക്കു അനുമതി കൊടുക്കുന്നതിനും നമ്മുടെ ജനങ്ങളുടെ ഏറാം വലിയ സൌകര്യത്തിനുവേണ്ടി നമ്മുടെ ബ. ഫൊ. വികാരിമാക്ക അവരുടെ മന സ്സാക്ഷിമേൽ ഭരമേല്പിച്ചുകൊണ്ട അവ രുടെ ഡിവിഷ്യനിലേക്കു ഇതിനാൽത ന്നെ നാം അധികാരം നൽകിയിരി ക്കുന്നു.

൪. എന്നാൽ നമ്മുടെ കത്തോലിക്കാ പെണ്ണൈതങ്ങൾ മേല്പറഞ്ഞ തരം വി ദ്ധാലയങ്ങളിൽ ചേന്നു പഠിക്കുന്നതിനു ആവശ്യവും അപേക്ഷയും ഉണ്ടെന്നുവ രികിൽ ആ അനുവാദം അവർ നമ്മോ ടുതന്നെ യാചിക്കേണ്ടതും ന്യായാനുസ രണം നാം അവക്കു അനുവദിക്കുന്നതുമാ കുന്നു.

൫. യാതൊരു കത്തോലിക്കുവിദ്യാ ത്ഥിയും കത്തോലിക്കല്ലാത്ത ബോഡ്ഡി ങ്ങിൽ താമസിച്ചു പഠിക്കുന്നതിനു ഒരു ത്തക്കും ഒരിക്കലും അനുവദിക്കപ്പെടുന്ന തല്ലാ. (തെക്കേത്തു വ്യസ്കം ൯൯–ാം പക്ഷം ൧൧–ാം ലക്കം.)

൬. ബ: ഫൊ: വികാരിമാർ തക്ക കാരണങ്ങളിന്മേൽ മേൽവിവരിച്ചിരി ക്കുന്ന വിശേഷ അനുവാദം വല്ല വി ദ്ധാത്ഥികൾക്കുംകൊടുക്കുന്ന പക്ഷം ആ അനുവാദം എഴുത്താൽ കൊടുക്കേണ്ട തും അതിൽ അനുവദിപ്പാനുണ്ടായ കാ രണങ്ങളെയും വിദ്ധാലയങ്ങളുടെ പേ രുകളെയും അവർ അനുസരിക്കേണ്ടുന്ന വേദമധ്യാദ നിബന്ധനകളെയും മറും വിവരിച്ചിരിക്കേണ്ടതും ആ വിദ്ധാത്ഥി കൾ ആ അനുവാദപത്രം സ്വന്തവികാ രിയെ കാണിക്കേണ്ടതും ആകുന്നു. ബ: ഫൊ: വികാരിമാരും ഇതിനുവേണ്ടി ഒരു പ്രത്യേക റജിസ്റ്റർബുക്കു ഉണ്ടാക്കുക യും അതിൽ അവർ അനുവാദംകൊടു ത്ത വിദ്ധാത്ഥികളുടെ ഇടവകപ്പേരും വീട്ടുപേരും അനുവദിച്ച കാരണങ്ങളും അവർ പഠിപ്പാൻപോകുന്ന സ്കൂളുക ളുടെ പേരുവിവരവും അവരുടെമേൽ ചുമത്തിയിരിക്കുന്ന വേദമധ്യാദ നിബ ന്ധനകളേയും വിവരിച്ചെഴുതിയിരി ക്കേണ്ടതും അതിന്റെ ഒരു പകർപ്പെഴു തി വിദ്ധാത്ഥിയുടെ സ്വന്തം വികാരിക്കു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

൭. ബ: ഇടവക വികാരിമാരും മേ ല്പറഞ്ഞപോലെ ഒരു റജിസ്റ്റർബുക്കു ണ്ടാക്കി അവരുടെ ഭരിപ്പിലുൾപ്പെട്ടവ രിൽ മേല്പറഞ്ഞ വിശേഷ അനുവാദം ആ ഡിവിഷനിലെ ബ: ഫൊ: വികാ രിയിൽനിന്നും ലഭിച്ചിട്ടുള്ള വിദ്ധാത്ഥി കളുടെ പേരുവിവരവും മറും ഫൊ: വികാരി അയച്ചുകൊടുത്ത സാക്ഷിപ ത്രത്തിൽ നിന്നെടുത്തെഴുതി സൂക്ഷിക്ക യും വേണം. നമ്മുടെ വിസീത്തനാ ളിൽ ഈ പുസ്തകത്തെയും പരിശോ ധിക്കുന്നതാകുന്നു.

൮. ഈ വിശേഷ അനുവാദം തക്ക കാരണങ്ങളിന്മേൽ ലഭിക്കുന്ന വിദ്ധാ ത്ഥികൾ നമ്മുടെ മലയാള വേദോപ ദേശസംക്ഷേപം മുഴുവനും ശരിയായി പഠിച്ചിരിപ്പാനും അഥവാ പ്രായാനുസ രണം ശരിയായി പഠിപ്പാനും അവർ പഠിച്ചുപാക്കുന്ന സ്ഥലത്തെ കത്തോലി ക്ക പള്ളിയിൽ അഥവാ സ്വന്ത ഇടവ കയിൽ പഠിപ്പിക്കപ്പെടുന്ന വേദോപ ദേശപാഠത്തിനു ശരിയായി ചേരുവാ നും മുരുങ്ങിയാൽ മാസത്തിലൊരിക്ക ലെങ്കിലും കുമ്പസാരിച്ചു ശുദ്ധ കുർബാന കൈക്കൊള്ളുവാനും ഇതിന്റെ തെളി വിലേക്കു ആ സ്ഥലത്തെ ബ. വികാരി യുടെ സാക്ഷിപത്രം വിദ്ധാത്ഥികൾ വാ ങ്ങി സ്വന്തം വികാരിയെ ആണ്ടുതി യിൽ ഏല്പിച്ചുകൊടുപ്പാനും അദ്ദേഹം തന്റെ റജിസ്റ്റർ ബുക്കിൽ ചേർപ്പാനും

ആവശ്യമായിരിക്കുന്നു.

൫൦. ഈ നിബന്ധനകൾ ശരിയായി കാക്കാത്ത വിദ്യാർത്ഥിക്കു കൊടുക്കപ്പെട്ടിരിക്കുന്ന അനുവാദം ഇതിനാൽ തന്നെ നാം റദ്ദാക്കിയിരിക്കുന്നു എന്നു വിദ്യാർത്ഥികളും ബ. വികാരിമാരും അറിഞ്ഞിരിക്കേണ്ടതും അതനുസരിച്ചവർ പ്രവർത്തിക്കേണ്ടതുമാകുന്നു.

൫൧. ഫൊ. വികാരിമാർ ഇതുസംബന്ധിച്ചുള്ള അവരുടെ റജിസ്റ്റർ പുസ്തകം ആണ്ടുതോറും ധ്യാനമാസം ഒടുവിൽ നമ്മുടെ പരിശോധനയ്ക്കായി അയച്ചുതരേണ്ടതാകുന്നു. ആത്മപരിപാലകന്മാരായ എല്ലാ മൈദികരും ശ്ര. സിംഹാസനത്തിന്റെ മേല്പറഞ്ഞ ഗൌരവപ്രമാണങ്ങളെ വിദ്യാർത്ഥികളും അവരുടെ കാരണവന്മാരും ശരിയായി കാക്കുന്നതിന്മേൽ പ്രത്യേകം ദൃഷ്ടിയും ഉണർച്ചയും ഉള്ളവരായിരിക്കണം.

൫൨. മേൽ വിവരിച്ചിരിക്കുന്ന പ്രകാരം ഈ പ്രത്യേക അനുവാദം ക്രൂശാതെ കത്തോലിക്ക അല്ലാത്ത വിദ്യാലയങ്ങളിൽ അവരുടെ മക്കളെ അയച്ചു പഠിപ്പിക്കുന്ന മാതാപിതാക്കന്മാരും അഥവാ ആ സ്ഥാനം വഹിക്കുന്നവരും ഇങ്ങനെ പഠിക്കുന്ന വിദ്യാർത്ഥികളും തിരുസ്സഭയുടെ ഗൌരവമായ പ്രമാണത്തെ ലംഘിച്ചു പ്രവർത്തിക്കുന്നവരാകകൊണ്ടു ഈ കഠോരകരമായ പ്രവൃത്തിയെക്കുറിച്ചു ബ. വികാരിമാർ മുന്നപ്രാവശ്യം അവരോടു ഗൌരവോപദേശിച്ചതിന്റെശേഷം ഈ കാര്യത്തിൽ നിന്നും അവർ ഒഴികയില്ലെങ്കിൽ അവർക്കു ശ്ര. കുമ്പസാരവും കുർബാനയും കൊടുത്തുകൂടാ എന്നു നാം നിശ്ചയിച്ചു കല്പിക്കുന്നു. (ദെക്രേത്തുവുസുകം ൧൯൯-ാം വകുപ്പു കാണുക.)

൫൩. പ്രിയപ്പെട്ട വിശ്വാസികളെ! നമ്മുടെ കത്തോലിക്കാ മൈതങ്ങളുടെ ക്രിസ്തീയ വളർത്തലും വിദ്യാഭ്യാസവും സംബന്ധിച്ചു മലയാളത്തുള്ള നമ്മുടെ മൈദിക മേലദ്ധ്യക്ഷന്മാരുടെ മേൽ വിവരിച്ചിരിക്കുന്ന സുഖകരമായ ഉപദേശങ്ങളെയും, രക്ഷാകരമായ നിശ്ചയങ്ങളെയും നിങ്ങൾ നല്ലവണ്ണം അനുസരിച്ചു, മേലാൽ പ്രവർത്തിപ്പാനാവശ്യമായിരിക്കുന്നു. മൈവ ഭയഭക്തിയും വേദമര്യാദകളും സംബന്ധിച്ചുള്ള എതൃയും സാരവത്തായ വേദപഠനത്തെയും അറിവിനെയും ഒഴിച്ചുകൊണ്ടും അഥവാ അഗണ്യമാക്കിക്കൊണ്ടും, ലൌകിക ശാസ്ത്രങ്ങളെ മാത്രം ഒരുവൻ നന്നായി പഠിച്ചതുകൊണ്ടു അവൻ സാക്ഷാൽ ശാസ്ത്രിയായിരിക്കുന്നതല്ലാ. എന്തുകൊണ്ടെന്നാൽ സ്വന്തം ആത്മാവിനെ നിത്യനരകത്തിലിട്ടുകളയാതെ അതിനെ നിത്യ മോക്ഷഭാഗ്യത്തിലേക്കു കൊണ്ടുപോകുന്ന ആ മഹാ ശാസ്ത്രവും അറിവും കൂടെ നന്നായി ഗ്രഹിച്ചു പ്രവൃത്തിക്കുന്നവൻ മാത്രമെ, സാക്ഷാൽ ശാസ്ത്രി എന്ന പദത്തിന്നു യോഗ്യനാകുന്നുള്ളു. എന്തുകൊണ്ടെന്നാൽ പട്ടാങ്ങയുള്ള ശാസ്ത്രത്തിന്റെ തുടസ്ഥം മൈവഭക്തിയാകുന്നു എന്നും Fear of the Lord is the beginning of wisdom (Eccl I 16) ജ്ഞാനത്തിന്റെയും പൂർണ്ണത മൈവത്തെ ഭയപ്പെടുന്നതാകുന്നു എന്നും To fear the Lord is the fulness of wisdom (ibid I 20) സർവ്വേശ്വരൻ വേദാഗമത്തിൽ അരുളിച്ചെയ്തിരിക്കുന്നു. അപ്പഴൊ ഈ മൈവഭയഭക്തിയുടെമേൽ ലൌകിക പഠനങ്ങളും ശാസ്ത്രങ്ങളും ഊന്നിയിരിപ്പാനാവശ്യമായിരിക്കുന്നു. ഇങ്ങനെ മൈവത്തെ അറിഞ്ഞും, തന്നെ ഭയന്നും, തന്റെ പ്രമാണങ്ങളെ മുഴുവനായി കാത്തും, തന്നെ എല്ലാവസ്തുക്കളെക്കാൾ സ്നേഹിച്ചും തന്റെ സഭയിലെ വേദാചാര മുറകളെയും സമ്പ്രദായങ്ങളെയും, രക്ഷാകരമുപദേശങ്ങളെയും ശരിയായി ഭക്തിപൂർവ്വം അനുഷ്ഠിക്കുന്നതുമാകുന്നു, സാക്ഷാലുള്ള ശാസ്ത്രവിദ്യയുടെയും വിദ്വാന്റെയും ലക്ഷണം. എന്നാൽ ഈ മൈവ ഭയവും വേദഭക്തിയും കൂടാതെ ലൌകിക ജ്ഞാനം മാത്രം സമ്പാദിക്കുന്ന വിദ്വാന്മാർ ലൌകിക കാര്യങ്ങളിൽ നിപുണന്മാരാ

യി കാണപ്പെട്ടാലും, നന്മയെ തിന്മയായും തിന്മയെ നന്മയായും തെറ്റായി വിധിച്ചുകൊണ്ടു പാപവഴിയിൽ ജീവിക്കയും നിത്യനാശത്തിലേക്കു ഗമിക്കയും ചെയ്യുന്നു എന്നു സർവ്വേശ്വരൻ ഒപ്പാരിയുടെ പുസ്തകത്തിൽ അരുളിച്ചെയ്തിരിക്കുന്നു. Thear is â way that seemeth to a man right and the ends thereof lead to death' Prov XVI 25.

കടശിയായി നമ്മുടെ സ്നേഹിക്കപ്പെട്ട ബാല വിദ്യാർത്ഥികളോടും അവരുടെ കാരണവന്മാരോടും ആത്മരക്ഷയുടെ മഹാശാസ്ത്രം പഠിപ്പാനുള്ള അവരുടെ അത്യാവശ്യത്തെ സംബന്ധിച്ചും ആ മഹാശാസ്ത്രത്തിന്റെ ഏക ഗുരുനാഥയായി ദൈവം നിയമിച്ചിരിക്കുന്ന വിശുദ്ധ കത്തോലിക്കാ തിരുസ്സഭയുടെ ശട്ടം കെട്ടുകൾക്കു കീഴ്പെട്ടിരിക്കാനുള്ള അവരുടെ വലിയ കടമയെ സംബന്ധിച്ചും നമ്മുടെ കർത്താവീശോമിശിഹായുടെ എത്രയും സാരഗർഭമായ രണ്ടു തിരുവാക്കുകളെ ഇവിടെ എടുത്തറിയിക്കുന്നതു എത്രയും ആവശ്യവും ഉപകാരവും എന്നു നാം കരുതുന്നു. അതായതു: "മനുഷ്യൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവു നശിച്ചാൽ അവനെന്തു ഫലം." What doth profit a man if he gain the whole world and suffer the loss of his soul, St. Math. XVI 26. "തിരുസ്സഭയെ കേൾക്കാത്തവൻ കാവിയനെപ്പോലെയും, ചുങ്കക്കാരനെപ്പോലെയും നിനക്കായിരിക്കുന്നു" And if he will not her the Church let him be to thee as the heathen and publican: St. Math. XVIII. 17.



തിരുഹൃദയ ഭക്തന്മാർ

ക൯ാ മേടമാസത്തിൽ വെയ്ക്കേണ്ട

പൊരുക്കുതൽ.

"വേലക്കാർ".

ഒ വിവരണം.

ഇഹലോകത്തിലുള്ള മനുഷ്യരിൽ മിക്കപങ്കും വേലചെയ്യ അധ്വാനിച്ചു ഉപജീവനം കഴിക്കുന്നവരാണു്. നമ്മുടെ ദിവ്യരക്ഷകൻ ലോകത്തിൽ വാസംചെയ്തിരുന്നപ്പോൾ വിശുദ്ധപ്പാൽഞെരുങ്ങി കൈവേലകൊണ്ടു കാലക്ഷേപം ചെയ്തിരുന്ന എളിയ ജനങ്ങളുടെമേൽ അനുഗ്രഹിച്ചു അവരെ ആശ്വസിപ്പിക്കയും സഹായിക്കയും ചെയ്തിരുന്നു. ദിവ്യരക്ഷകന്റെ മാധുര്യവാക്യങ്ങളെ കേട്ടു രസിക്കുന്നതിനും അങ്ങേ തിരുമുഖം ദർശിക്കുന്നതിനും ആശിച്ചുകൊണ്ടു എളിയ ആളുകൾ കൂട്ടംകൂട്ടമായി വലപ്പോഴും അങ്ങേപ്പക്കൽ പോയിരുന്നു. ഒരിക്കൽ അങ്ങേ അനുഗമിച്ചു വളരെ ദൂരംപോയപ്പോൾ അവർ തങ്ങളുടെ വീടുകളിൽ പിന്തിരിയുംമുമ്പു വിശുദ്ധപ്പാൽ തളർന്നു വഴിയിൽവീണുപോകുമെന്നു നമ്മുടെ ദിവ്യരക്ഷകൻ അറിഞ്ഞു മനസ്സലിഞ്ഞു ഒരു പ്രത്യക്ഷം ചെയ്തുകൊണ്ടു അവർക്കു ഭക്ഷണംകൊടുത്തു. എങ്ങിനെയെന്നാൽ, അഞ്ചപ്പവും കുറെ മത്സ്യവുംമാത്രം ഉണ്ടായിരുന്നൊള്ളുവെങ്കിലും അവയെ ആശീർവ്വദിച്ചു വർദ്ധിപ്പിക്ക

യും അയ്യായിരംപേക്ക സംപൂർണ്ണമായി കൊടുക്കയുംചെയ്യ. ൧൯൦൬ാമിശിഹാ എളിയവേലക്കാരെ സ്നേഹിച്ചു ആദരിച്ചുവന്നതുപോലെ അവിടുന്നു സ്ഥാപിച്ച തിരുസ്സഭയും അവരെ പരിപാലിച്ചുവരുന്നു. സാധുക്കളായ എളിയവരെ അടിമകളാക്കി കഷ്ടപ്പെടുത്തിയിരുന്ന ആളുകളെ തിരുസ്സഭ ശാസിച്ചും ശിക്ഷിച്ചും ആ ക്രൂരപ്രവൃത്തിയെ മൂലച്ചേദനംചെയ്തിരിക്കുന്നു. ഭാഗ്യശ്രീമക്ക പാത്രുവാനായ ഫ്രാ-ാം ലേയോൻ പാപ്പാ അവിടുത്തെ വാഴ്ചകാലത്തിൽ വേലക്കാരെ നടത്തേണ്ട ക്രമത്തെക്കുറിച്ചു അതിശയിക്കത്തക്ക പല സൽബുദ്ധികൾ അടങ്ങിയ ഒരു ലേഖനം എഴുതി പ്രസിദ്ധീകരിച്ചു. അതിൽ യജമാനന്മാർ തങ്ങളുടെ പക്കൽ വേലചെയ്യുന്നവരെ ഏതുവിധമയോടുകൂടെ നടത്തേണമെന്നും വേലയ്ക്കുതക്ക കൂലികൊടുത്തു എങ്ങിനെ അവരേയും അവരുടെ കുടുംബത്തേയും പരിപാലിക്കേണമെന്നും വിവരിക്കുന്നു.

ശ്രീ മാപ്പ്പാപ്പാ യജമാനന്മാരുടെ കടങ്ങളെ ആ ലേഖനത്തിൽ വിവരിക്കുന്നതുപോലെ വേലക്കാരുടെ കടങ്ങളെക്കുറിച്ചും സവിസ്തരം പറയുന്നുണ്ട്. എന്തെന്നാൽ യജമാനന്മാർ ക്രമത്തോടെ വേലക്കാരെ നടത്തണമെങ്കിൽ വേലക്കാരും ക്രമമായി വേലചെയ്യേണ്ടിയിരിക്കുന്നു. യജമാനന്മാരുടെ സ്വത്തിനെ സൂക്ഷിക്കുന്നതും ഉപായപണിയും കള്ളവേലയും ചെയ്യാതിരിക്കുന്നതും വേലക്കാരുടെ കടമയാണ്. സ്വന്ത വസ്തുക്കളെപ്പോലെ യജമാനന്റെ വസ്തുക്കളെ സൂക്ഷിക്കേണം. യജമാനന്റെ മുമ്പിൽ ഒരു വിധവും യജമാനനില്ലാത്തപ്പോൾ വേറൊരു വിധവും സംസാരിക്കരുത്. എപ്പോഴും എല്ലായിടത്തും നീതിയും നെറിവുമായി നടക്കേണം. യജമാനന്റെ ന്യായമായ കല്പന അനുസരിച്ചു നടക്കേണം. ദൈവഭയത്തോടും വിശ്വസ്തതയോടും ശ്രദ്ധയോടും വേലചെയ്യുന്നവൻ ദൈവത്താലും മനുഷ്യരാലും സ്നേഹിക്കപ്പെടും. ഇങ്ങിനെയുള്ള വേലക്കാരനെ ദൈവം അശീർവ്വദിച്ചു: "നന്നു, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, നീ അല്പകാര്യങ്ങളിൽ വിശ്വസ്തനായതിനാൽ, ഞാൻ വളരെ കാര്യങ്ങളിന്മേൽ നിന്നെ നിയമിച്ചാക്കും. നിന്റെ കർത്താവിന്റെ സന്തോഷത്തിലെക്കു പ്രവേശിച്ചുകൊൾക" (മത്തായി ൨൫. ൨൧) എന്നു പറഞ്ഞു സ്വർഗ്ഗത്തിലേക്കു ക്ഷണിക്കും. ഇതാണു നല്ല വേലക്കാരനു ദൈവം കൊടുക്കുന്ന സമ്മാനം. ഈ സുകൃതനിയോഗത്തിന്നായി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ പ്രാർത്ഥിക്കണം.

. ൩൦൬ . ൨ . ൫

ലോകവർത്തമാനപുസ്തകം.

൧. കത്തോലിക്കു മതത്തിൽ ചേർന്ന മിസ്റ്റർ ഏസ്. ദോരസ്വാമി അയ്യരെ മിസ്റ്റർ മാരാക്കു പകരം കൊച്ചി ചീഫ്കോർട്ടിൽ പ്യൂണിജഡ്ജിയായി നിയമിച്ചിരിക്കുന്നു.

൨. മാപ്പ്പാപ്പാതിരുമനസ്സിലെ പ്രത്യേക വൈദ്യനായിരുന്നു, കുറെ മുമ്പു മരിച്ച ഡാക്ടർ ലെപ്പോണി അവർകൾ മരിക്കുന്ന സമയം ഫ്രാ-ാം പീയൂസു മാപ്പ്പാപ്പാ തിരുമനസ്സിലെ ഉദ്ദേശിച്ചു പറഞ്ഞതായതു്: ഫ്രാ-ാം പീയൂസു മാപ്പ്പായുടെ ദേഹക്രുപാട്ട, ഫ്രാ-ാം ലേയോൻ മാപ്പ്പാപ്പായുടെതിനെക്കാൾ മേലായിട്ടുള്ളതാകുന്നു. ഇവർ ഫ്രാ-ാം ലേയോനേക്കാൾ അധിക വർഷം ജീവിച്ചിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

൩. ചൈനായുടെ പ്രധാനസ്ഥലമായ പെക്കിനിൽ, കഴിഞ്ഞ ൯ വർഷങ്ങൾക്കുള്ളിൽ ൨൫,൦൦൦ പേർ മനസ്സുതിരിഞ്ഞിരിക്കുന്നു.

൪. അൽബിയൺ രാജകുമാരബാനർജി അവർകളെ ഇനിയത്തെ കൊച്ചീദിവാൻ ആയി നിയമിച്ചിരിക്കുന്നു.

൪. പ്രോട്ടസ്റ്റാണ്ടു സഭയുടെ പ്രധാന സ്ഥലമായ കാൻറർബറി പള്ളിയിലെ പ്രധാന പ്രാസംഗികന്മാരിൽ ഒരുവനും ഓക്സ്ഫോഡ് എം. എ. യും ആയിരുന്നവരാണ്ടു. എ. ലാങ് അവർകൾ, പതിതമാർഗ്ഗത്തെ വിട്ടു കത്തോലിക്കു മതത്തിൽ ചേർന്നിരിക്കുന്നു.

൫. നമ്മുടെ പരിശുദ്ധ പിതാവായ പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തിരുപ്പട്ടം കൈക്കൊണ്ടതു മുതൽ ആഗസ്റ്റ് മാസം-യാകയാൽ, തിരുമനസ്സിലെ സപ്തതിജൂബിലി ആഘോഷിക്കുന്നതിനു പല സ്ഥലങ്ങളിലും ഒരുക്കങ്ങൾ ചെയ്തുവരുന്നു.

൬. കൊച്ചിയിലുള്ള മദാസു ബേങ്കിന്റെ ഏജൻറു വെരീനി എന്ന അള്ളടെ ഭാര്യ മിസ്സസ് വെരീനി കഴിഞ്ഞ മാസം മാനു- പതിത മതത്തെ വിട്ടു കത്തോലിക്കു മതത്തിൽ ചേർന്നിരിക്കുന്നു. ഈ സ്ത്രീരത്നം ഇംഗ്ലണ്ടിലായിരിക്കുമ്പോൾ ഒരു വർത്തമാനപത്രത്തിന്റെ അധിപസ്ഥാനം വഹിച്ചിരുന്നവളാണ്. മനസ്സുതിരിയുന്നതിനുള്ള പ്രധാന കാരണം മഹാദിവ്യശ്രീ കർദിനാൾ ഗിബൺ അവർകൾ എഴുതിയ ഒരു ഗ്രന്ഥത്തിന്റെ വായനയാണ്.

൭. മോൻസിഞ്ഞോർ മോന്തഞ്ഞിനിയെ പ്രാൻസിൽ നിന്നും വെളിയിൽ പോകുന്നതിനു ആജ്ഞാപിച്ച കാലത്തു (പോയ ഡിസംബർ മാസത്തിൽ) അദ്ദേഹത്തിന്റെ അരമനയിൽ നിന്നും പ്രഞ്ചുഗവർമ്മേൻറു അപഹരിച്ചിട്ടുള്ള എഴുത്തുകൾ മുതലായ രിക്കാർഡുകൾ തിരിച്ചു ഏൽപിച്ചുകൊടുക്കേണമെന്നു മാർപ്പാപ്പായിൽ നിന്നും പ്രാൻസിലെ കത്തോലിക്കരുടെ സംരക്ഷണാവകാശം ലഭിച്ചിരിക്കുന്ന അവുസ്ത്രിയാഹൻഗറിയിലെ ചക്രവർത്തി പ്രഞ്ചുഗവർമ്മേണ്ടിനോടു ആവശ്യപ്പെടുകയും അതിനുമല്ലാ അന്യരാജ്യകാര്യം വിചാരിക്കുന്ന മന്ത്രി എം. പിച്ചൻ എല്ലാ രിക്കാർഡുകളും ഉടനെ എടുത്തുകൊടുക്കുകയും ചെയ്തിരിക്കുന്നു.

൮. മലയാറൂർ (പൊൻകുരിശുമല) മലമുകളിൽ പ്രതിവർഷം അമ്പതുനോമ്പു വീടിവരുന്ന എട്ടാം ദിവസം (പുതുഞായറാഴ്ച) ആഘോഷിച്ചുവരുന്ന തിരുനാൾക്കു തിരുയാത്രക്കാർ പൂർവ്വാധികം വർദ്ധിച്ചുവരുന്നതിനാലും ഏല്പാവക്കും ടി. ദിവസം തന്നെ വന്നു ചേരുന്നതിനു സാധിക്കാത്തതിനാലും, പലരുടേയും അപേക്ഷയനുസരിച്ചു നി. വ. ദി. ശ്രീ. എറണാകുളം മെത്രാനവർകൾ പുതുഞായറാഴ്ച കഴിഞ്ഞു വരുന്ന ഞായറാഴ്ചകൂടി ഒരു എട്ടാമിട തിരുനാളായി ആഘോഷിക്കുന്നതിനു ദയവായി അനുവദിച്ചിരിക്കുന്നതായും, മേലാൽ ആണ്ടുതോറും മേൽപ്രകാരം രണ്ടു ദിവസങ്ങളിലും തിരുനാൾ ആഘോഷിക്കുന്നതാണെന്നും അറിയുന്നു.

൯. ലോകത്തിൽ കത്തോലിക്കരധികമുള്ള പട്ടണങ്ങളിൽ നാലാമത്തേതാണ് ചിക്കാഗൊ. ഇവിടെ കഴിഞ്ഞ ഇരുപതുകൊല്ലംകൊണ്ടു ജനങ്ങൾ സംഖ്യയിൽ ഇരട്ടിച്ചിട്ടുണ്ടു. ചിക്കാഗൊ അതിരൂപതയിൽ ലക്ഷം ജനങ്ങളുണ്ടു. ജർമ്മനിയിലെ കോലൊൺ അതിരൂപതയാണ് ഒന്നാമതായി നിൽക്കുന്നതു. അവിടെ ഇരുപതു ലക്ഷം കത്തോലിക്കരുണ്ടു. ലക്ഷം വീതം വീയന്നായിലും, അയർലണ്ടിലുമുണ്ടു. ന്യൂയോർക്കു രൂപത ലക്ഷം ജനങ്ങളോടുകൂടി മൂന്നാമതായി നിൽക്കുന്നു.

൧൦. മരണം. ചൊവ്വരപ്പള്ളിയുടെ വികാരിയായിരുന്ന ബ. തച്ചിൽ പ്രഞ്ചുകത്തനാർ അവർകൾ മാർച്ച് ൯൯- അന്ത്യകൂദാശകളോടുകൂടി കൈക്കൊണ്ടു തന്റെ മുപ്പതാമത്തെ വയസ്സിൽ മരണം പ്രാപിച്ചിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു. ഇദ്ദേഹത്തിന്റെ ആത്മനിരുക്കുലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

൧൧. സ്ഥലത്തെ ആശ്രമ ദേവാലയത്തിൽ പ്രതിവർഷം ആഘോഷിക്കാറുള്ള രാമണിആരാധന ൦രം മാസം ൧൭-൦ ൯൯-കളിൽ നടത്തപ്പെട്ടുന്നതാണ.

മാസികാവരിപ്പണം അടച്ചവരുടെ പേരുവിവരം.

മ. രാ. രാ. ഒരു രൂപാവീതം. അവർകൾ.

ബ. പഴേപറമ്പിൽ തോമ്മാ ക, തെങ്ങുതോട്ടത്തിൽ വക്കി, തെക്കേടത്തു കോര, കൊല്ലപ്പള്ളിൽ ദേവസ്യാ, എ. അന്തോനി, ബ. ഗ്രസ്യാൻ പെറയിരാപാട്ടി, ആഗസ്റ്റ് മിരാൻറ, കൊച്ചുതൊപ്പിൽ വന്ദ്യൻപിള്ള, ജി. പേലീസ് പ്രണാണ്ടസ്, പ്രാൻസീസ് ഗോൺസാൽവസ്, കെ. ബർറാസർ, വി. ശലമാൻ, റാറീ. പ്ലേന്തിരു, ജോൺ സി. സൂസാ, മീനാട്ട ഔസപ്പു, കളപ്പുരക്കൽ ഔസപ്പു, ഉമ്മിച്ച് അന്ത്രാദി, വയലാറു ടി. തോമ്മാ, ചാണ്ടിവക്കിവൈദ്യൻ, കുന്നുമ്മൽ പീടികയിൽ വറുഗീസു, കൊഞ്ചോനേൽ വറീതു, കടകത്തുവീട്ടിൽ എ. പീലിപ്പോസു, തോട്ടാശേരിൽ ദേവസ്യാ, തങ്കശ്ശേരി കന്യാസ്ത്രീമഠം ശ്രേഷ്ഠത്ത അമ്മ, തുയത്തു കന്യാസ്ത്രീമഠം ശ്രേഷ്ഠത്തിഅമ്മ, നായത്തുപറമ്പിൽ മാത്തൻ. ബ. കല്ലടാന്തിൽ ലൂക്കാ ക, കുന്നിയിൽ വക്കിമത്തായി, പടിഞ്ഞാറെവീട്ടിൽ മാത്തൻ മത്തായി, ഫ്രൂസ്. പി. മരിയാൻ, കേ. സി. മാത്തു, തോപ്പിൽ വക്കി കുഞ്ഞൻ, കുലയക്കാട്ടിൽ തോമ്മൂ ശെ: പുളിക്കൽ ചാക്കോ കുഞ്ഞൻ, മായപ്പിള്ളി വെട്ടിക്കാപ്പള്ളി ചാക്കോ, പരിശവിളയിൽ അന്തോനി പ്രണാന്തീസു, തോട്ടത്തിൽ പൈലി, എസ്. ററി. കോസ്റ്റാ, ഉമ്മനീക്ക് പ്രണാണ്ടസ്, ജാഞ്ചിപീലിപ്പോസു, കുന്നപ്പിള്ളിൽ ഇട്ടിയെന്നാ തോമ്മാ, മിറകത്തു ചാക്കോ കുറിയാ, എള്ളങ്കിൽ ചാണ്ടി തൊമ്മൻ, പുതിയാത്തുവക്കി, ബ. തൊട്ടിവടക്കേൽ കുറിയാക്കോസു ക, ബ. ക്രൂക്മറാത്തിൽ മത്തായി ക, ബ. ഓലിക്കൽ വക്കി ക, ബ. തയ്യിൽസ്റ്റീയാ ക. മങ്ങരെ കുഞ്ഞൻ, വാണിയ ചേരിഇട്ടിയപ്പു, പാപ്പിപറമ്പു പോൾകുട്ടീസ്, മയ്യുറാസ് മിരാൻറ, എൻ. റോസ് അമശി, പീടികയിൽ കുഞ്ഞൻ, ഏലിസ്ബത്ത് പ്രണാണ്ടസ്, പുത്തൻപുരക്കൽ പാപ്പൂ ഒക്കി, പഴെമഠത്തിൽ ഔസേപ്പു വക്കി. ജോഞ്ജ്'ലാസർ റോഡ്റിഗസ്, Rev. Fr. M. Jackson, Rev. Fr. Paschasius D. C., Rev. Fr. Bernardin Futtado. Rev. Fr. Bernard Gonsalvez, Mr. Gorge Pereira, M. P. Gome, Rev. Fr. Lawrence Pereira, Rev. Fr. Dominic, E. P. D. Souza, H. D. Silva T. P. D'Rozario, D. A. Lopez.

പലവക.

നക്കര യോഹന്നാൻ രൂപാ ൪, വായിമറത്തു മറിയം രൂ. ൧ ച. ൨൦. മരശേരിൽ യൌസപ്പു രൂ. ൽ, തെക്കേടത്തു യൌസപ്പു രൂ. ൽ, പഴെപുരയ്ക്കൽ വക്കി രൂ. ൽ, പുത്തനൂരയിൽ യൌസപ്പു ച. ൨൪, കാത്തു ൪, ബ. പെരുമാലിൽ ലൂക്കാ ക. രൂ. ൩, കൈപ്പുഴകന്യാസ്ത്രീ മഠത്തിൻെറ ബ. ശ്രേഷ്ഠത്തി അമ്മ രൂ. ൧൫, വായിത്തു തോമ്മാ ച. ൧൪ ക. ൭, പി. അല്ലേയിസു രൂ. ൧ ച. ൨൫, അല്ലേസു പ്രണാണ്ടസു രൂ. ൨, വി. ജോസഫ് ച ൧൪, ജെ. ജോസഫ് പ്രണാണ്ടസു രൂ. ൽ, ജീ. മാനുവൽ ഗോമസ് ച. ൨൩ കാ. ൧൨. ജി ജോഞ്ജ് പ്രണാണ്ടസ് ച. ൨൩൪, വി. അഗുസ്തിഞ്ഞാ പ്രണാണ്ടസ് രൂ. ൭. കേ. സി. പ്രൻസീസ്സ് പ്രണാണ്ടസ് രൂ. ൧ ച. ൨൫, മത്തേസ് മുരായീസു രൂ. ൽ, ജെ. പ്രൻസീസ്സ് പ്രണാണ്ടസു രൂ. ൽ, വി. ജോസഫ് പ്രണാണ്ടസു രൂ. ൯, വി. പ്രൻസീസ്സ് പ്രണാണ്ടസ് രൂ. ൽ, മർസലീൻ ഡിക്രൂസ് രൂപാ ൧ ചക്രം ൨ കൊത്തു ൨, ഏ. പീറർ പ്രണാണ്ടസ് ച. ൧൪, വി. കെ. യോഹന്നാൻ മുരായീസ് ച. ൨, പി. എ ഡോറിസ് രൂ. ൧. ച. ൨൩൪, മണക്കാട്ട പൈലൊ ച. ൨൩. കാ. ൧൨, പി. വി. ജോസഫ് ച. ൨൫, പയ്യാളി ഔസപ്പുകാര രൂ. ൩, Rev. Fr. M. Mendez രൂ. ൧ ച. ൨൫, ബ. ശ്രാമ്പിക്കൽ പ്രൊത്താസീസു ക. രൂ. ൨ ച. ൨൩ കാ. ൨, Rev. Fr. Sebastian Conseption രൂ. ൩, താഴത്തുകരിമ്പുമാലി ഇത്താക്കു രൂ. ൧ ച. ൭, ബ. മുരിക്കൻ യാക്കോ ക. ച. ൨൩൪, മണക്കാട്ട പൈലി ചാണ്ടി രൂ. ൫ ച. ൨൪ കാ. ൧൫. പാണാപള്ളികൊടവന്തയുടെ ബ. വികാരി അച്ചൻ രൂ. ൫, മാലത്തടത്തിൽ ഔത രൂ. ൨ ച ൨൫, ബ. അയ്യങ്കാനാൽ യൌസപ്പുക. ച. ൨൩൪. വരത്തനാൽ മക്കോസു ച. ൧൪, മുത്തോലി കന്യാസ്ത്രീമഠം ബ. ശ്രേഷ്ഠത്തികമ്മ രൂ. ൧ ച ൧൪,

REGISTERD No. M 365.

വിശുദ്ധവാരം

എൻ്റെ ഏപ്രിൽ — കാവ്യ മീനം–മേടം.

മലയാളം		ഇംഗ്ലിഷ്		വിശേഷദിവസങ്ങൾ.		
മാസം	തിയ്യതി	തിയ്യതി	ദിവസം			
മീനം	എൻ	1	തി	(✠) എറ. ന. കു. പെ.	2	വെ.
	ഠ	2	ചൊ	(✠) എറ. ന. കു. പെ. ..		വെ.
	ഫ	3	ബു	(✠) എറ. ന. കു. പെ. ...		വെ.
	വ	4	വ്യാ	എറ. ന. കു. പെ.		വെ.
	മ	5	വെ	എറ. ന. കു. പെ.		വെ.
	ര	6	ശ	എറ. ന. കു. പെ.		വെ.
	ഭ	7	ഞാ	✠ ഉയ. ക്രാ. ഞാ. (പാതഞാ.) ന. കു. അ.		വെ.
	സ	8	തി	† ശു മെ. അൽവാത്തോ. ന. അ. കു. പെ.		വെ.
	ഒ	9	ചൊ	ശു. മെ. പ്രാ. പെ. ന. അ. കു. പെ. (രോമാ. ഫ)		വെ.
	വ	10	ബു	ശു. റോ. പാവി. സേബ. ന. അ. കു പെ. (മക. ഫ)		ചു.
	ൻ	11	വ്യാ	ശു. മെ. പാ. ലെയേൻ ന. അ. കു. പെ.		വെ.
⊕	ട	12	വെ	† മെ. റൈമുന്ത. ന. അ. കു. പെ.		വെ.
	ഫ	13	ശ	† രാജാ. റോ. ഡൊമെനെ. ന. അ. കു. പെ.		ചു.
		14	ഞാ	✠ ഉയ. ക്രാ. ഞാ. ന. കു. അ.		വെ.
	വ	15	തി	ശു. റോ. ഫീലിപ്പാ. ക്രു. ന. അ. കു. പെ. (രോമാ. ഫ)		ചു.
	ന	16	ചൊ	ശു. റോ. മാരി. ക്രു. ന. അ. കു. പെ. (മക ഫൻ)		ചു.
	ര	17	ബു	ശു. പാ. റോ. അനിസെ. ന. അ. കു. പെ.		ചു.
	ഉ	18	വ്യാ	കു. റോ. എമറന്തി. ന. അ. കു. പെ. (മക. വ)		ചു.
	ന്ത	19	വെ	അ. മെ. മ. യോ. ക്രി. ന. അ. കു. പെ. (മ. വ)		വെ.
	ഐ	20	ശ	† അ മെ. മ. പ്രാ. സലെ. ന. കു. പെ. (മ. വൻ)		വെ.
	വ	21	ഞാ	✠ ഉയ. ന്ദാ. ഞാ † യെ. മഗ്ദ. ന. കു. പെ.		വെ.
മേടം.	ൻ	22	തി	ശു. പാ. റോ. സോത്തെ. ക്രു. ന. അ. കു. പെ.		ചു.
	ഠ	23	ചൊ	(✠) ശു. പട. റോ. ഗിവുറ്റി. ന. കു. പെ.		ചു.
	ഫ	24	ബു	† ശു റോ. ഫിഡേലിസ. ന. അ. കു. പെ.		ചു.
	വ	25	വ്യാ	ശു സുവി. മർക്കോ. ന. കു. പെ. ...		ചു.
	മ	26	വെ	ശു പാ. റോ. ക്ലേത്തെ. മർസ്ലി. ന. അ. കു. പെ.		ചു.
	ര	27	ശ	ശു. അ. റോ. ബ്ലാസിയൊ. ന. അ. കു. പെ.		ചു.
⊕	ഭ	28	ഞാ	✠ ഉയ്പ്പ് ക്രാ. ഞാ. ന. കു. അ. ...	9	വെ.
	സ	29	തി	ശു. റോ. പത്രോസ് ന. അ. കു. പെ.		ചു.
	ഒ	30	ചൊ	† ശു. കു. കത്രീനാ. ന. അ. കു. പെ. ...		വെ.

✠ അടയാളം എല്ലാവർക്കും കടമുള്ള ദിവസം (✠) കടം നീക്കപ്പെട്ട ദിവസം.
* ഇറച്ചിവിലക്കുള്ള ദിവസം † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by A. P. Mani.
at. St. Joseph's Press, Mannanam.